# ചിത്രമത്സരം

3410

3410

3410

[illegible] തിട്ടു. എ. മഹമ്മദ് [illegible] ൽ. എൽ. [illegible]

# ജീവിതമത്സരം

പത്തനംതിട്ട ഏ. മുഹമ്മദ് എസ്. എൽ. ബി.

(അദ്ധ്യാപകൻ)

ഒന്നാംപതിപ്പ് കോപ്പി [illegible]

1960

ഗ്രന്ഥകാരന്റെ ഒപ്പ് ഇല്ലാ പ്രതികളെല്ലാം [illegible]
മോഷണമാണ്.

അച്ചടി: മീനാസ് പ്രസ്സ്, കോന്നി, കേരളാ.

# പ്രസ്താവന

പലപ്പോഴായി ഞാൻ എഴുതിയിട്ടുള്ള ലേഖനങ്ങളിൽ ചിലതു കൂട്ടിച്ചേർത്ത് പുസ്തകരൂപത്തിലാക്കി മഹാജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ലേഖനങ്ങളിൽ പലതും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്.

ഇതിന്റെ പ്രസിദ്ധീകരണത്തിൽ വേണ്ട സഹായസഹകരണങ്ങൾ നൽകി പ്രോത്സാഹിപ്പിച്ച പത്തനംതിട്ട സതേൺ ആട്ടോ സർവ്വീസ് പ്രൊപ്രൈറ്റർ ജനാബ് എസ്സ്. എ. ഷറീഫ് അവർകളോട് ഞാൻ അതീവ കൃതജ്ഞനാണ്.

പത്തനംതിട്ട,
9-3-1960.

എ. മുഹമ്മദ് എൽ.എൽ.ബി.
(അഡ്വക്കേറ്റ്)

Rs. 1.25

## വിഷയവിവരം


| | | |
|---|---|---|
| | | പേജ് |
| ആധുനികസംസ്കാരം | ... | 5 |
| അഭിമാനസംരക്ഷണം | ... | 16 |
| ഞങ്ങൾ കണ്ട യക്ഷി | ... | 24 |
| മോട്ടോർ വാഹനങ്ങളുടെ ഉത്ഭവം | ... | 32 |
| വിജയരഹസ്യം | ... | 40 |
| സർ ജെ. സി. ബോസ്സ് | ... | 45 |
| ഡാക്ടർ പി. സി. റേ | ... | 53 |
| ജീവിതമത്സരം | ... | 60 |
| വിമാനങ്ങളുടെ ഉത്ഭവം | ... | [illegible] |

3410

## ആധുനികസംസ്കാരം

സംസ്കാരം എന്ന വാക്കിന് ഒരു നിര്‍വ്വചനം നല്‍കുക എന്നതു് തീരെ നിസ്സാരമായ ഒരു സംഗതിയല്ല. ചിന്തകന്മാരും പണ്ഡിതന്മാരും സംസ്കാരം എന്ന പദത്തിന് പലപ്പോഴും പലവിധത്തില്‍ നിര്‍വ്വചനങ്ങള്‍ നല്‍കിയിട്ടുണ്ട്. ഏതെല്ലാം വിധത്തിലുള്ള അഭിപ്രായഗതികള്‍ ഉണ്ടായിരുന്നാലും ഒരു സംഗതി തീര്‍ച്ചയാണ്. അതായതു്, മററു ജീവജാലങ്ങളില്‍നിന്നും ഉദഗ്രവിധത്തിലും മനുഷ്യനെ ഒരു ഉന്നതജീവിതസമ്പ്രദായത്തില്‍ ഉയര്‍ത്തിക്കാണിക്കുന്ന ഒരു വിശേഷതയാണു സംസ്കാരം. വ്യക്തിയുടേയോ, വ്യക്തികളുടേയോ പ്രകൃതിദത്തമായ സ്വഭാവവിശേഷതകളുടെ സ്വതന്ത്രമായ വികാസ

ത്തിന്റെ സൗകര്യം നശിക്കുന്നതായിരിക്കും സംസ്കാരം. ഭിന്നപ്രകാരമായ അഭിപ്രായങ്ങളെയും അനുഭവങ്ങളെയും പ്രകടിപ്പിക്കത്തക്കവിധത്തിൽ ഒരു സമുദായത്തിലുള്ള ജനങ്ങൾക്ക് സ്വതന്ത്രമായി ചിന്തിക്കുന്നതിനും, സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും ഉള്ള അവസരങ്ങളെ നിഷേധിക്കുന്നത് സംസ്കാരത്തിന്റെ ലക്ഷണമല്ല. വ്യക്തികളുടെ പ്രകൃതിദത്തമായ വാസനകളെ സ്വതന്ത്രമായി പ്രതിഫലിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രവർത്തിരൂപത്തിലാക്കുന്നതിനും അവസരം കൊടുക്കാത്ത ഒരു രാഷ്ട്രം ശാസ്ത്രീയമായും സാമ്പത്തികമായും വളരെ മഹത്വമേറിയതായാലും സംസ്കാരസമ്പന്നമല്ല ഒരു രാഷ്ട്രത്തിന്റെ അഭിലാഷാനുസരണം പ്രവർത്തിയെടുക്കുന്നതിനും ചിന്തിക്കുന്നതിനും നിർബ്ബന്ധിതനാകുന്ന ഏതൊരു ചിന്തകനും കൂട്ടിലടയ്ക്കപ്പെട്ട പക്ഷികളെപ്പോലെയാണ്. കൂടുകൾ തുറന്നാൽ പക്ഷികൾ പറന്നു രക്ഷപ്രാപിക്കും. അസ്വതന്ത്രരായ ചിന്തകന്മാർ അന്യരാജ്യങ്ങളിൽ അഭയം തേടിട്ടുള്ളതായി പല രേഖകളും ഉണ്ട്. സാംസ്കാരികമായി വളരെ അധികം ഉയർന്നിട്ടുള്ള ഒരു ജനതാമദ്ധ്യ സാമുദായികവിഷമങ്ങൾക്ക് സന്ദർഭമുണ്ടായിരിക്കുന്നതല്ലെന്ന് ആംഗലഭാഷാസാഹിത്യാന്തരീക്ഷത്തിൽ പ്രശോഭിച്ചുകൊണ്ടിരുന്ന ചിന്തകനായ സി. ഇ. എം. ജോഡ എന്ന ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റായിരുന്ന റൂസ്‌വെൽററിന്റെ പ്രസിദ്ധമായ "നാലുവിധത്തിലുള്ള" സ്വാതന്ത്ര്യങ്ങളും സം

സ്കാരസമ്പന്നമായ ഒരു ജനതാമദ്ധ്യത്തിൽ മാത്രമെ
കാണപ്പെടുകയുള്ളു. ഈ സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി
യുള്ള പ്രവർത്തനങ്ങളുടെ പുരോഗതിമൂലമായിരിക്കണം
ഇന്ന അമേരിക്ക ഐശ്വര്യസമ്പന്നമായിരിക്കുന്നതും
അമേരിക്കൻ പൌരാവലി കൂടുതൽ സ്വാതന്ത്ര്യം അനു
ഭവിക്കുന്നതും. യഥാർത്ഥമായ സംസ്കാരം ഒരു രാഷ്ട്ര
ത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും ആനന്ദത്തെ
ഉളവാക്കുന്ന ഒന്നായിരിക്കും

സംസ്കാരസമ്പന്നമായ ഒരു ജനതാമദ്ധ്യേ ജീവി
ക്കുന്ന ഒരാളിന് അയാളുടെ സ്വത്തിനെയോ, ജീവ
നെയോ സംബന്ധിച്ച യാതൊരുവിധമായ ഭീതിയും
ഉണ്ടായിരിക്കുവാൻപാടുള്ളതല്ല. ഇപ്രകാരമുള്ള രക്ഷ
ഇല്ലാത്തപക്ഷം സംസ്കാരം അതിൻെറ പരമകാഷ്ഠ
യിൽ എത്തത്തക്കവണ്ണമുള്ള മനുഷ്യജാതിയുടെ പ്രവ
ർത്തനം സാധിക്കുന്നതല്ല സംസ്കാരത്തിൻെറ അഭാവ
ത്തിൽ ഒരു പുതിയ കണ്ടുപിടിത്തത്തിനുവേണ്ടി ശ്രമി
ക്കുന്ന ഒരാൾക്ക് മുൻപോട്ടു പോകുവാൻ സാദ്ധ്യമല്ല.
ശാസ്ത്രജ്ഞന്മാർ വലിയ പ്രയാസമായിരിക്കും. കലാ
കാരന്മാർക്കും സൗന്ദര്യസൃഷ്ടിക്കു വലിയ പ്രതിബന്ധമാ
യിരിക്കും. ലോകചരിത്രം പരിശോധിക്കുന്നപക്ഷം രക്ത
സാക്ഷികളായിട്ടുള്ളവരും കഷ്ടിച്ചു രക്ഷപ്പെട്ടിട്ടുള്ളവരു
മായ അനേകം ശാസ്ത്രജ്ഞന്മാരുടെയും കണ്ടുപിടിത്ത
ക്കാരുടെയും ചരിത്രങ്ങൾ നമുക്കു മനസ്സിലാക്കുവാൻ
സാധിക്കുന്നതാണ്. അതുകൊണ്ട് മനുഷ്യശരീരത്തിനു
വെള്ളവും വായുവും എപ്രകാരം ആവശ്യമാകുന്നോ, അതു

പോലെ രക്ഷയും നിയമവും സംസ്കാരാഭിവൃദ്ധിക്കും ആവശ്യമാണെന്നു കാണുവാൻ കഴിയും. നിയമനിർവ്വഹണത്തിന്റെ മാർഗ്ഗമദ്ധ്യത്തിൽനിന്നും കയ്യൂക്ക് വഴിമാറേണ്ടിയിരിക്കുന്നു. വ്യക്തികൾക്കും അവരുടെ നേട്ടങ്ങൾക്കും വേണ്ടി നിയമങ്ങളെ ബഹുമാനിക്കുകയെന്നതു അടുത്ത കാലത്തുമാത്രം ഉണ്ടായിട്ടുള്ളതും, മനുഷ്യന്റെ ഒരു നേട്ടമാണെന്നുള്ളതും പ്രത്യേകം സ്മരിക്കേണ്ടതാണ്. പഴയ കാലത്തു പ്രാബല്യമുള്ള ജനസമൂഹങ്ങൾ ബലമില്ലാത്തവരെ ആക്രമിച്ചുകൊണ്ടിരുന്നു. അതുപോലെതന്നെയായിരുന്നു വ്യക്തികൾ തമ്മിലും. കയ്യൂക്കുള്ളവനായിരുന്നു കാര്യക്കാരൻ. ഇപ്പോൾ ആളുകളുടെ ജീവധനാദികൾ സുരക്ഷിതമാണ്.

ആരോഗ്യരക്ഷാശാസ്ത്രത്തിന്റെ അഭിവൃദ്ധിയുടെ ഫലമായി കായികമായ ദുരിതങ്ങളിൽനിന്നും വേദനകളിൽനിന്നും രക്ഷിച്ചു മനുഷ്യനെ കൂടുതൽ സ്വതന്ത്രനാക്കിട്ടുള്ളതും ആധുനികയുഗത്തിലെ ഒരു നേട്ടമാണ്. വളരെ വളരെ രഹസ്യമായിരുന്ന അതിഭയാനകങ്ങളായ രോഗങ്ങളുടെ കാരണങ്ങളുടേയും ഭേദപ്പെടുത്താവുന്ന മാർഗ്ഗങ്ങളേയും ശാസ്ത്രജ്ഞന്മാർ ലോകമംഗളത്തു പരസ്യം ചെയ്തുകഴിഞ്ഞിട്ടുണ്ട്. പഴയകാലങ്ങളിലേക്കാൾ സുഖപ്രദമായ ജീവിതം നയിക്കുന്നതിനുള്ള സൗകര്യങ്ങൾ വളരെ വർദ്ധിച്ചിട്ടുണ്ട്. ഇന്നു മനുഷ്യനു ഭൂമുഖത്തിന്റെ ഏതുഭാഗത്തും സഞ്ചരിച്ചു മാനവസമുദായത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു അശേഷം പേടിക്കേണ്ടതില്ല രോഗങ്ങളെ

സംബന്ധിച്ചും രോഗമുണ്ടാക്കുന്ന പ്രദേശങ്ങളെയും പരി
തസ്ഥിതികളെയും സംബന്ധിച്ചും മനുഷ്യന്റെ അറിവ്
അത്രത്തോളം വർദ്ധിച്ചിട്ടുണ്ട്.

ഇന്ന മനുഷ്യൻ ഭൂമിയുടെ അന്തർഭാഗങ്ങളെയും
ആകാശത്തിന്റെ വിദൂരസീമകളിൽ ചരിക്കുന്ന അനേ
കകോടി നക്ഷത്രജാലങ്ങളെയും സൂര്യൻ, ചന്ദ്രൻ ആദി
യായ ഗോളങ്ങളെയും ഗവേഷണത്തിന വിഷയമാക്കി
പലതും കണ്ടുപിടിച്ചിട്ടുണ്ട്. മനുഷ്യനിർമ്മിതമായ
ഒരു റോക്കറ്റ് അടുത്തകാലത്ത ചന്ദ്രഗോളത്തിൽ എ
ത്തിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത ഭാവിയിൽ മനുഷ്യർ
ചന്ദ്രഗോളത്തിൽ എത്തുന്നതാണെന്നും ശാസ്ത്രജ്ഞന്മാർ
അഭിപ്രായപ്പെടുന്നുണ്ട്. ബഹിരാകാശയാത്ര സുഗമമാ
കുന്നതോടുകൂടി പല നൂതനങ്ങളായ അറിവുകളും കണ്ടു
പിടിത്തങ്ങളും ഉണ്ടാകുന്നതാണ്. ഇതെല്ലാം ഇന്നത്തെ
സംസ്കാരത്തിന്റെ നേട്ടങ്ങളാണ്.

ആധുനികസംസ്കാരം പൗരാണികസംസ്കാരങ്ങളെ
ക്കാൾ സുരക്ഷിതവും വ്യാപകവും ആണ്. ചരിത്രത്തിൽ
സ്ഥലംപിടിച്ചിട്ടുള്ള പൗരാണികസംസ്കാരങ്ങൾ വളരെ
വേഗത്തിൽ നശിച്ചുപോയിട്ടുള്ളതിനുള്ള കാരണങ്ങളെ
സംബന്ധിച്ചു ചിന്തിക്കുന്നപക്ഷം, അത്ര സംസ്കാര
രഹിതരായ ജാതികളുടെ ആതിക്രമങ്ങളായ മർദ്ദന
ങ്ങളും അവയുടെ വളർച്ചയുടെ വേഗതയുമായിരുന്നുവെ
ന്നാണ് സി. ഇ. എം. ജോഡ് അഭിപ്രായപ്പെട്ടിട്ടു
ള്ളത്. ബാബിലോണിയൻസംസ്കാരവും, ഇൻഡസ്

തിരസംസ്കാരവും; റോമൻ സംസ്കാരവും, ഗ്രീക്ക് സംസ്കാരവും എല്ലാം നശിച്ചുപോയത് അപ്രകാരമാണ്. എന്നാൽ ഇപ്പോഴാകട്ടെ ഏതു വലിയ ആപൽപ്രശ്നങ്ങളേയും അഭിമുഖീകരിച്ച് അടിച്ചമർത്തത്തക്ക വിധത്തിൽ ആധുനികസംസ്കാരം അത്ര ബലവത്താണ്. സംസ്കാരമുള്ള ജനതതിയുടെ ശക്തി എല്ലാവിധത്തിലും സംസ്കാരരഹിതന്മാരുടേതിൽനിന്നും വളരെ കൂടുതലാണ്. പഴയ സംസ്കാരം മനുഷ്യന്റെ മദ്ധ്യത്തിലുള്ള ശുദ്ധജലതടാകങ്ങളെപ്പോലെയായിരുന്നു. ശാസ്ത്രം വികസിക്കുന്നതോടുകൂടി തടാകം മണ്ണടിഞ്ഞുപോകുന്നു. ഇപ്പോഴാകട്ടെ, തടാകങ്ങളാണു വികസിച്ചുകൊണ്ടിരിക്കുന്നത്. ലോകാന്തരീക്ഷത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ ആധുനികസംസ്കാരം ബാധിച്ചിട്ടുണ്ട്. അതിനെ നശിപ്പിക്കുവാൻ വരുന്ന ഏതൊരു ശക്തിയേയും സയൻസിന്റെ പ്രവർത്തനം വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു.

വിദൂരസീമകൾ തമ്മിൽ അന്യോന്യം വളരെ അടുത്തിട്ടുണ്ട്. ഭൂമിയുടെ ഒരു കോണിൽ ജീവിതം നയിക്കുന്ന ഒരാൾക്ക് ഇതരഭാഗങ്ങളുമായി പരിചയപ്പെടുന്നതിനു യാതൊരു പ്രയാസവും ഇല്ല. ഭൂവിഭാഗങ്ങൾ ഏകലോകമായിത്തീർന്നിട്ടുണ്ട്. ഈ സന്ദർഭത്തിൽ അന്തരിച്ചുപോയ വെണ്ടൽവില്ക്കിയുടെ ഏകലോകത്തെ സംബന്ധിച്ചുള്ള സ്മരണയാണു ഉണ്ടാകുന്നത്. ഇന്നു ഒരു സാധാരണക്കാരന്റെ വീട്ടിൽ പോകുകയാണെങ്കിൽ അശോകചക്രവർത്തിയുടെ കൊട്ടാരത്തിൽ ഉണ്ടായിരുന്നതിനെക്കാളോ, സീസർ ചക്രവർത്തിയുടെയോ,

ഖലീഫ് ഹാരൂൺ-അൽറഷീദിന്റെ കൊട്ടാരങ്ങളിൽ ഉണ്ടായിരുന്നതിനെക്കാളും വിശേഷപ്പെട്ടതും വിദൂരസീമകളിൽനിന്നും കൊണ്ടുവരപ്പെട്ടിട്ടുള്ളതുമായ സാധനങ്ങളെ കാണുവാൻ സാധിക്കും. നമ്മുടെ മേശപ്പുറത്തു കാണുന്ന കടലാസ്സ് ഇംഗ്ലണ്ടിൽ ഉണ്ടാക്കിയതായിരിക്കും. എഴുതുന്ന പേന അമേരിക്കയിൽ ഉണ്ടാക്കിയതായിരിക്കാം. അതിനകത്തുള്ള മഷി ജർമ്മനിയിൽനിന്നും വരുന്നതായിരിക്കാം. നമ്മുടെ വാച്ച് സ്വിറ്റ്സർലണ്ടിൽ നിർമ്മിച്ചതായിരിക്കാം. നാം ധരിച്ചിരിക്കുന്ന വസ്ത്രം ജപ്പാനിൽ നെയ്തെടുത്തതായിരിക്കാം. ഓരോ രാജ്യത്തെയും ഓരോ വലിയ പെട്ടിയായി സങ്കല്പിക്കുന്നപക്ഷം ഓരോ ജനസമൂഹവും അടുത്തകാലംവരെ ഓരോ വലിയ പെട്ടികളിൽ അന്യോന്യസമ്പർക്കമില്ലാതെ അടയ്ക്കപ്പെട്ടിരുന്നുവെന്നു പറയുന്നതിൽ തെറ്റില്ല. ഒരു ജനസമൂഹത്തിന്റെ ആക്രമണംകൊണ്ട് മറ്റൊരു പെട്ടി തുറന്നുവെന്നുവരാം. ചില പെട്ടികൾ വെളിച്ചം കാണാതെ അടഞ്ഞുതന്നെ കിടന്നിരുന്നു. ഇപ്പോൾ മിക്കവാറും എല്ലാ പെട്ടികളും തുറന്നുതന്നെ കിടക്കുകയാണ്. വെളിയിൽനിന്നും ആക്രമണമുണ്ടാകുമെന്നും, അങ്ങനെ ആധുനികസംസ്കാരം നശിപ്പിക്കപ്പെടുമെന്നും ശങ്കിക്കേണ്ടതില്ല. നാശത്തിനുള്ള ആരംഭം ഉണ്ടാകുന്നതു അകത്തുനിന്നുതന്നെയായിരിക്കും. അതിനുള്ള സാദ്ധ്യതകളും ഒട്ടും കുറവല്ല.

ഇന്നു അപൂർവ്വം ചില രാഷ്ട്രങ്ങളെ ഒഴിച്ചാൽ രാഷ്ട്രീയമായി വിഭിന്നങ്ങളായ അഭിപ്രായങ്ങളോടു

കൂടി മുൻപോട്ടു പോകുന്ന രാജ്യങ്ങൾ വളരെ ചുരുക്കമായിട്ടുമാത്രമേയുള്ളു. നിയമത്തിൻെറമുൻപിൽ മനുഷ്യരെല്ലാം ഒന്നുപോലെ ആയിത്തീർന്നിട്ടുണ്ടു്. പല രാജ്യങ്ങളിലും അവിടെയുള്ള ജനങ്ങളെ ആരു് എങ്ങനെ ഭരിക്കപ്പെടണമെന്നുള്ളതിനു നിയമങ്ങൾ ഉണ്ടായിട്ടുണ്ടു്. അതൊന്നും മനുഷ്യൻെറ ജീവൽപ്രശ്നമല്ല. നേരെമറിച്ചു സാമ്പത്തികമായ അസമത്വമാണു് മനുഷ്യനെ ഇന്നു വളരെ വലുതായി അലട്ടിക്കൊണ്ടിരിക്കുന്നതു്. ലോകത്തിലുള്ള സ്വത്തിൻെറ ഏറിയ പങ്കും ഒരു ചെറിയ ന്യൂനപക്ഷത്തിൻെറ കൈയിലാണു്. ഒരുകൂട്ടർ ആനന്ദസാഗരത്തിൽ ആറാടിക്കഴിയുമ്പോൾ മററൊരുകൂട്ടർ ഭക്ഷണമില്ലാതെയും, ധരിക്കുവാൻ വസ്ത്രമില്ലാതെയും, കിടക്കുവാൻ വീടില്ലാതെയും, പഠിക്കുവാൻ പുസ്തകമില്ലാതെയും കഷ്ടപ്പെടുന്നു. ഈ അസമത്വങ്ങൾ ആധുനികസംസ്കാരത്തിൻെറ വലുതായ ന്യൂനതയാണു്. കുറച്ചുപേർ വളരെ ആർഭാടത്തോടും ആനന്ദത്തോടുംകൂടി ജീവിക്കുമ്പോൾ, അനേകലക്ഷങ്ങൾ തിന്നുവാനും കിടക്കുവാനും ഇല്ലാതെ കഷ്ടപ്പെടുന്നു. പത്തും പന്ത്രണ്ടും അംഗങ്ങളുള്ള കുടുംബം ഒരു ചെറിയ മുറിക്കകത്തുതന്നെ കഴിച്ചുകൂട്ടുന്നതിനു നിർബ്ബന്ധിതരാകുന്നു. അവർ ഉണ്ണുന്നതും ഉറങ്ങുന്നതും വസ്ത്രധാരണംചെയ്യുന്നതും എല്ലാം അതേ മുറിക്കകത്തുതന്നെ. അവരെ പ്രസവിച്ചതും അതേ മുറിക്കകത്തായിരിക്കും. അവർ പ്രേമസല്ലാപങ്ങൾ നടത്തുന്നതും അതേ മുറിക്കകത്തുതന്നെ. അവർ മരിക്കുന്നതും അവിടെത്തന്നെ. ആയുഷ്ക്കാലമത്രയും വീ

ടില്ലാതെ അലഞ്ഞുതിരിയുന്ന കുടുംബങ്ങളും ഉണ്ട്. വള്ളവും തോട്ടും താമസസ്ഥലമാക്കി ജീവിക്കുന്നവരും ഉണ്ട്. ഇതെല്ലാം രസത്തിനുവേണ്ടിയല്ല. ഇല്ലാഞ്ഞിട്ടു മാത്രം.

ഓരോരുത്തനും അവനവന്റെ അത്യാവശ്യമായ നിത്യജീവിതത്തിനുള്ള സാമ്പത്തികസൗകര്യങ്ങൾ ലഭിക്കാതിരിക്കുന്നിടത്തോളംകാലം ആധുനികസംസ്കാരം കളങ്കരഹിതമായിരിക്കുന്നതല്ല

യുദ്ധഭീതി മനുഷ്യനെ വല്ലാതെ അലട്ടിക്കൊണ്ടിരിക്കുന്നു. അന്യരാജ്യം ആക്രമിക്കണമെന്നുള്ള മനുഷ്യന്റെ സ്വഭാവത്തിനു മാററംവന്നിട്ടില്ല. അടുത്ത കാലത്തു ചൈനാക്കാർ ഇന്ത്യനതിർത്തി ഭേദിക്കുകയുണ്ടായി. ഭാരതീയസംസ്കാരം യോജിക്കാത്തതുകൊണ്ടാണ് പ്രത്യാക്രമണം നടത്താഞ്ഞത്. ഏതെല്ലാം പ്രകാരത്തിലുള്ള അക്രമങ്ങളും അനീതികളും മനുഷ്യന് മനുഷ്യനോടു ചെയ്യുവാൻ സാധിക്കുമോ, അപ്രകാരമുള്ള എല്ലാ പൈശാചികപ്രവർത്തനങ്ങളുടെയും കേളീരംഗമാണല്ലോ യുദ്ധരംഗം. പോക്കുവരവു സംബന്ധിച്ച് ലോകം ഒന്നായിത്തീർന്നിട്ടുണ്ടെങ്കിലും ഗവർമെൻറുകളും ഗവർമെൻറുകളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ മൂലം രാഷ്ട്രങ്ങൾ തമ്മിൽ വളരെ അകന്നുതന്നെ നില്ക്കുന്നു. കഴിഞ്ഞ മഹായുദ്ധം പൊട്ടുന്നതിനു അനേകം കാരണങ്ങൾ പറയപ്പെടുന്നുണ്ടെങ്കിലും കൂടുതൽ സുഖസൗകര്യാദികൾക്കുവേണ്ടി രാഷ്ട്രങ്ങൾ തമ്മിലുള്ള ഒരു

പോരാട്ടമായിരുന്നു അതു്. യുദ്ധാവസാനത്തോടുകൂടി ലോകത്തിൽ ശാന്തിയും സമാധാനവും പ്രീതിയും ആനന്ദവുമെല്ലാം ഒത്തൊരുമിച്ചു കളിയാടുമെന്നു എല്ലാവരും പ്രതീക്ഷിച്ചു. പക്ഷെ ഇപ്പോഴും ലോകം പുകഞ്ഞുകൊണ്ടുതന്നെയിരിക്കുന്നു. എണ്ണഖനികൾ ചൂടായിത്തന്നെ കിടക്കുന്നു. എവിടെങ്കിലും ആരെങ്കിലും സ്വല്പം തീകത്തിച്ചാൽ മാത്രം മതി, റോക്കററും അണുവായുധങ്ങളും പറക്കുകയായി. ലോകം വീണ്ടും കത്തിഎരിയുകയായി.

ലോകത്തിൽനിന്നും യുദ്ധവിപത്തിനെ ഒഴിവാക്കുന്നതിനായി പ്രബലരാഷ്ട്രങ്ങൾ എല്ലാംകൂടിച്ചേർന്നു യു എൻ ഒ എന്നറിയപ്പെടുന്ന ഒരു സമിതി ഉണ്ടാക്കപ്പെട്ടിട്ടുണ്ടു്. ലോകസമാധാനത്തിനുവേണ്ടി ആദരണീയങ്ങളായ പല നിയമങ്ങളും എഴുതിവച്ചിട്ടുണ്ടു്. പക്ഷെ അതും പ്രബലരാഷ്ട്രങ്ങളുടെ അഭിലാഷങ്ങൾക്കു വഴങ്ങിക്കൊടുക്കുന്നതായിട്ടാണു അനുഭവപ്പെടുന്നതു്. ലോകത്തിൽ നിരായുധീകരണം സംഭവിക്കാതെ യുദ്ധഭീതി ഒഴിവാക്കുവാൻ സാദ്ധ്യമല്ല

ആധുനികലോകത്തിനുള്ള മറെറാരു പ്രയാസം ഇപ്പോഴും മനുഷ്യനുള്ള അറിവിനെ എങ്ങനെ വിനിയോഗിക്കണമെന്നുള്ള അറിവില്ലായ്മയാണു്. ഇന്നത്തെ മനുഷ്യനെ സയൻസ് പുരാണങ്ങളിലെ ദേവന്മാരെക്കാൾ ശക്തിയുള്ളവരാക്കിത്തീർത്തിട്ടുണ്ടു്. എന്നിട്ടും അതിനെ നാം ഉപയോഗിക്കുന്നതു കൊച്ചുകുട്ടികളെപ്പോലെയാണു്. നമുക്കു കൂടുതൽ സമയവും സൗകര്യവും ലഭിക്കു

തരംവിധത്തിൽ മാനവസമുദായത്തെ സേവിക്കുന്നതിനാണ് യന്ത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നാണ് പ്രസിദ്ധ ചിന്തകനായ എച്ച്. ജി. വെൽസ് അഭിപ്രായപ്പെടുന്നത്. എന്നാൽ മനുഷ്യർ യന്ത്രങ്ങളുടെ സേവകന്മാരായിത്തീർന്നിട്ടുണ്ട്. നമ്മുടെ വലിയ പ്രയാസമേറിയ ജോലികൾ യന്ത്രങ്ങൾ വളരെ വേഗത്തിൽ ചെയ്തുതീർക്കുന്നതുകൊണ്ട് നമുക്ക് സ്വതന്ത്രമായി ചിന്തിക്കുന്നതിന്നു ധാരാളം സമയം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ചിട്ടുള്ള സമയത്തിനെ മാനവസമുദായമദ്ധ്യേ ശാന്തിയും സമാധാനവും ഉണ്ടാകുന്നതിനാവശ്യമുള്ള ചിന്തയിൽ ചെലവഴിക്കേണ്ടതാണ് നമ്മുടെ ചിന്താവിഷയങ്ങളിൽ പ്രാധാന്യം നൽകേണ്ടത് യാന്ത്രികശക്തിയെ നിയന്ത്രിക്കുന്നതിനും, ഭൂമുഖത്തിൽ അധിവസിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങൾക്കും ദാരിദ്ര്യം അനുഭവപ്പെടാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ ആരായുന്നതിനും ആയിരിക്കണം. ഈ വിഷയങ്ങളിൽ മനുഷ്യന്റെ ചിന്താശക്തി എന്നാണോ വിജയിക്കുന്നത്, അന്നായിരിക്കും ലോകത്തിൽ സമാധാനമുണ്ടാകുന്നത്. ആധുനികസംസ്കാരത്തിനു അടിയുറപ്പുണ്ടാകുന്നതും അന്നായിരിക്കും.

## അഭിമാനസംരക്ഷണം

കേരളക്കരയിൽ കിടങ്ങൂർ സ്വദേശിയായ ഡോക്ടർ എം. റ്റി. ജോസഫ് ഇൻഡ്യയുടെ തലസ്ഥാന നഗരിയിൽവെച്ചു അടുത്തകാലത്തു് അദ്ദേഹത്തിന്റെ ജീവനെ ത്യജിച്ചു. ഉന്നതങ്ങളായ ആശയങ്ങളും ഉൽകൃഷ്ടങ്ങളായ ആദർശങ്ങളും ഉണ്ടായിരുന്ന ഡോ: ജോസഫിന്റെ മരണവാർത്ത ഇന്ത്യയിലെ ബുദ്ധിജീവികളുടെ ശ്രദ്ധയെ ഒന്നടങ്കം ആകർഷിച്ചിരുന്ന വേദനാജനകമായ ഒരു സംഭവമായിരുന്നു വിശ്രമമില്ലാതിരുന്ന, പവിത്രവും ഉന്നതബിന്ദുവും ഫലം പുറപ്പെടുവിക്കാതെവന്നപ്പോൾ നിരാശകൊണ്ടു ആത്മഹത്യചെയ്തു എന്നു സാധാരണക്കാർ പറയും. എന്നാൽ ആത്മാഭി

ാനസംരക്ഷണാർത്ഥം ഒരു മഹനീയവ്യക്തി ജീവനെ ൃജിച്ചുവെന്നു ഞാൻ പറയും. ഡോ: ജോസഫിന് ത്മഹത്യചെയ്യുന്നതിനുള്ള മാനസികഭയം ഉണ്ടായിരു ന്നില്ല. പരസ്പരവൈരുദ്ധ്യങ്ങളുടെ യഥാർത്ഥ അളവ് ട്ടുപോലെ മനസ്സിലാക്കിയിരുന്ന മനുഷ്യനായിരുന്നു ദ്ദേഹം.

അധികം ആളുകൾക്കും ചില ദുർഘടപരിതസ്ഥിതികളിൽ അഭിമാനം സംരക്ഷിക്കേണ്ടതുണ്ട്. പലപ്പോഴും ആവശ്യമായിത്തീരാറുണ്ടെങ്കിലും 'അഭിമാനസംരക്ഷണം' ലേഖനങ്ങൾക്ക് സാധാരണയായി വിഷയമാകാറില്ല. എന്നാൽ സ്വന്തം ചില പൂർവ്വപാഠങ്ങളിൽ അഭിമാനസംരക്ഷണം ഒരു ചിന്താവിഷയമാക്കിയതാണ്. വളരെ പ്രതികൂലമായ അന്തരീക്ഷത്തിൽ അഭിമാനിയായ മനുഷ്യന് സ്വതന്ത്രമായി ചിന്തിക്കുന്നതിനും ചിന്തകൾക്ക നല്ല രൂപം കൊടുത്തു പ്രതിഫലിപ്പിക്കുന്നതിനുപോലുമോ സാദ്ധ്യമാകുന്നതല്ല.

അഭിമാനത്തിനു ജീവനേക്കാൾ വിലകല്പിക്കുന്നവരുണ്ട്. അഭിമാനസംരക്ഷണാർത്ഥം ആത്മഹത്യചെയ്തിട്ടുള്ള അനേകം ആളുകൾ ഉണ്ട്. ഉൽകൃഷ്ടമായ ആശയാദർശങ്ങളെ വച്ചുപുലർത്തിയിട്ടുള്ളവരും ഉന്നതങ്ങളായ ആശയഗതികളുള്ളവരുമായ മഹാന്മാർപോലും ചില സന്ദർഭങ്ങളിൽ ആത്മഹത്യയ്ക്കു വശംവദരായിട്ടുള്ളതായി ലോകചരിത്രം തെളിയിക്കുന്നുണ്ട്. വിപുലമായ ലോകസഞ്ചാരവും പ്രായോഗികമായ പല അറിവുകളും

ഉണ്ടായിരുന്ന ഡോ: ജോസഫിന്റെ ജീവത്യാഗം ഇതിനുദാഹരണമാണ്. അഭിമാനസംരക്ഷണാർത്ഥം ആത്മഹത്യയ്ക്കൊരുങ്ങുന്ന സാധാരണക്കാരുടെ എണ്ണം ഇന്നും എന്നും കുറവല്ല. ആത്മഹത്യയെ ഇവിടെ സാധൂകരിക്കുകയാണെന്ന ആശയം തെററിദ്ധരിക്കരുത്. ആത്മഹത്യ മഹാപാപമാണ്. നിയമമനുസരിച്ച് ആത്മഹത്യാശ്രമം കുററകരവും ശിക്ഷാർഹവുമാണ്. അഭിമാനം പുലർത്തുന്നത് അസാദ്ധ്യമായിത്തീരുമ്പോഴാണ് മനുഷ്യൻ ഇതിനൊരുങ്ങുന്നത്. വലിയ തെററുകുററങ്ങൾ ചെയ്തശേഷം ആത്മഹത്യയ്ക്കൊരുങ്ങുന്നവർ ഉണ്ട്. ഇവർ കുററക്കാരാണെങ്കിലും അഭിമാനരക്ഷാർത്ഥമാണ് ഇക്കൂട്ടരും ജീവനെ ത്യജിക്കുന്നതെന്നു കൂടുതൽ ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. മാനിയായ മനുഷ്യൻ അയാളുടെ ജീവനേക്കാൾ അഭിമാനത്തിനു വിലകല്പിക്കുന്നുണ്ട്. ജ്ഞാനിയും വിവേകിയും ദീർഘവീക്ഷണവുമുള്ള വ്യക്തി വൈഷമ്യമേറിയ ചുററുപാടുകളെ തരണംചെയ്തു അഭിമാനം സംരക്ഷിക്കുന്നതിനും വീണ്ടെടുക്കുന്നതിനും ശ്രമിക്കുന്നതാണ്.

നീചമായ ചിന്താഗതി, നിന്ദ്യമായ പ്രവർത്തനം, അതിമോഹം, അന്യമുതലപഹരണശ്രമം മുതലായ പ്രവർത്തനങ്ങളിലേർപ്പെട്ടു മററുള്ളവരുടെ പരിഹാസപാത്രങ്ങളായിത്തീർന്നിട്ടുള്ളവരുടെ അഭിമാനം ചിന്താർഹമല്ല. എന്നാൽ അവിചാരിതമായും, നിയന്ത്രണാധീനമല്ലാത്ത ചില ചുററുപാടുകൾമുഖേനയും അഭിമാനക്ഷയം സംഭവിക്കുന്നതാണ്. ദീർഘവീക്ഷണത്തിന്റെ

റവ്, അഭ്യുദയകാംക്ഷികളല്ലാത്തവരുടെ നിയന്ത്രണം, ണ
രോഗബാധ, ഋണബാധ്യത, അതു വിടുന്നതിനുള്ള കഴി
വില്ലായ്മ, വിചാരിച്ചിരിക്കാതെ പ്രവർത്തിമണ്ഡലത്തി
ലെ പരാജയം. മുതലായ കാരണങ്ങൾ ചിലപ്പോൾ
അഭിമാനികൾക്ക മാനക്ഷയം ഉണ്ടാകുന്നതിനു കാരണങ്ങ
ളാകാം. ആധുനികയുഗത്തിൽ മാന്യത എന്നു പറയു
ന്നതു് ഒരാളിന്റെ സാമ്പത്തികമായ കഴിവിനെ അധി
കമായി ആശ്രയിച്ചതാണ്. ഒരാൾ പണ്ഡിതനോ
പാമരനോ ആയിരിക്കട്ടെ. സാമ്പത്തികമായ കഴിവ്
അയാളിൽ വന്നുചേരുന്നപക്ഷം സമുദായം അയാളെ
മാനിക്കുകയും ആദരിക്കുകയും ചെയ്യുന്നതാണ്. മാന്യ
മായ രീതിയിൽ ജീവിതം നയിച്ചിരുന്ന ഒരാൾക്ക്
സാമ്പത്തികമായ തകർച്ച ഉണ്ടാകുന്നുവെന്നു വിചാരി
ക്കുക: ഒരാളോടും രണ്ടുപേരോടും പത്തുപേരോടും കട
പ്പെടുന്നതിന് അയാൾ നിർബ്ബന്ധിതനായിട്ടുതീരും.
കൊടുത്തുതീർക്കുന്നതിനു സാധിക്കാതെവരും. പിന്നീട്
കിട്ടാതാകും. പൂർണ്ണഗർഭിണിയായ ഭാര്യ, കുട്ടികൾക്ക
സുഖക്കേട് ചികിത്സിക്കുന്നതിനുള്ള കഴിവുകേട്, പഠി
ക്കുന്ന മക്കൾ, അവരുടെ ആവശ്യം നിറവേറ്റുന്നതി
നുള്ള സൗകര്യമില്ലായ്മ, വാടകക്കാരന്റെ ശല്യം, കോട
തികളിൽ കേസ്, വാറണ്ട്, ജപ്തി, ഭക്ഷണമില്ലായ്മ,
വിശന്നുകരയുന്ന സന്താനങ്ങൾ, അവരുടെ വിശപ്പ്
തീർക്കുന്നതിനുള്ള നിവൃത്തികേട്, സഹായത്തിന് ആളി
ല്ലായ്മ, ഒന്ന്-രണ്ട്-പത്ത്-ആറ് ദിവസങ്ങൾ ഇങ്ങനെ
നീങ്ങുമ്പോൾ കാണാം, അയാൾക്കുണ്ടായിരുന്ന മാന്യത

എങ്ങോട്ടു പോകുന്നുവെന്നു്. ഇല്ലാത്തപ്പോഴുള്ള മ
നുഷ്യന്റെ വിശപ്പ് അനുഭവംകൊണ്ടുമാത്രമെ മനസ്സിലാ
ക്കുവാൻ സാധിക്കുകയുള്ളു. ഉള്ളപ്പോഴും മനുഷ്യനു വിശ
പ്പുണ്ടു്. പക്ഷെ യഥാർത്ഥവിശപ്പല്ല അതു്. സൗകര്യ
മുള്ളപ്പോൾ നിങ്ങൾക്കു് എവിടെയും കിട്ടും. പോക്ക
ററിൽ പണത്തിന്റെ ആവശ്യമില്ല. വിശപ്പും ദാഹവും
ഉണ്ടെങ്കിലും കാപ്പിക്കടയിൽ കയറാത്തതു് മാന്യതയ്ക്കു
കുറവു ഭവിച്ചേയ്ക്കുമെന്നു വിചാരിച്ചുമാത്രമാണു്. അ
തെല്ലാം കഴിഞ്ഞു കാപ്പിക്കടയിലും കയറിയിറങ്ങി മാന്യ
നായ ആളിന്നു് ആവശ്യപ്പെട്ടാലും കിട്ടാത്ത രംഗം.
അഭിമാനത്തിന്നു കുറവു വരാതെ വിശപ്പടക്കുന്നതിന്നു
തക്ക പരിചയക്കാരെ അന്വേഷിച്ചുള്ള നടപ്പ്, സത്ര
ത്തിൽ ഹോട്ടലിൽ ഇരിപ്പ്. വിശപ്പും ദാഹവും ക്ഷീണ
വുംകൊണ്ടു് സംസാരിക്കുന്നതിന്നു ശക്തി ഇല്ലാതാകുന്ന
അവസ്ഥ. സുഖദുഃഖസമ്മിശ്രമായ ലോകവ്യാപാരങ്ങ
ളിലേർപ്പെട്ടു ക്ഷീണിതനായ മനുഷ്യനു്. സ്വൈരമായി
രുന്നു വിശ്രമിക്കുന്നതിന്നുകൂടിയാണല്ലോ വീടും, കൂടും,
ഇരിപ്പിടങ്ങളുമെല്ലാം മനുഷ്യർ കണ്ടുപിടിച്ചിട്ടുള്ളതു്.
അവിടെ ഭോജനവും വിശന്നും ക്ഷീണിച്ചും അവശനായ
മനുഷ്യൻ കടക്കാരുടെയും, ഭക്ഷണമില്ലാതെ വിശന്നും
ക്ഷീണിച്ചും ഞെരിപിരികൊള്ളുന്ന ഓമനസന്താനങ്ങളു
ടെയും സഹധർമ്മിണിയുടെയും മദ്ധ്യേ ഏതുപ്രകാരമാ
യിരിക്കും മാന്യത പുലർത്തുന്നതെന്നു അനുഭവം മാത്രമെ
വ്യക്തമാക്കുകയുള്ളു. സാമ്പത്തികമായി നിങ്ങൾ കഴ
യുകയാണെന്നു നാലുപേർ മനസ്സിലാക്കിയാൽ മതി,

അതു പ്രത്യക്ഷം മനസ്സിലാകും. നിങ്ങളുമായിട്ടുള്ള ഏർപ്പാടുകൾ മുഴുവനും മനസ്സിലാകും. അടുത്ത വീട്ടിൽപോയി വിശക്കുന്ന മക്കൾക്ക് വെള്ളച്ചോറു കൊടുക്കുവാൻ ഒരു നാഴി അരി കടം ചോദിച്ചാൽ മനുഷ്യന്റെ മാഹാത്മ്യം കിട്ടാതാകും. സ്വന്തം കുട്ടികളുടെ വിശപ്പടക്കുന്നതിനു സ്വന്തം സഹധർമ്മിണി മറ്റുള്ളവരുടെ വീട്ടുവേല ചെയ്യേണ്ടിവരുന്നപക്ഷം നിങ്ങളുടെ പ്രൗഢി മുഴുവനും തകരും. ചിന്തയും കഴിവും ഉപയോഗശൂന്യമാകും. ഒരു ദിവസം മുൻപോട്ടു നീങ്ങുന്നതുപോലും പർവ്വതത്തിലും വലിയ പ്രയാസമായിട്ടുതീരും. ഒരു മനുഷ്യന്റെ പഴയ മുറപാടുകളെയോ ജീവിതരീതികളെയോ അപ്പഴപ്പോഴുള്ള ലോകം കണക്കിലെടുത്ത് ആരെയും മാനിക്കുന്നതല്ല. അതെല്ലാം പത്തോ ഇരുപതോ ദിവസങ്ങളോ രണ്ടോ മൂന്നോ വർഷങ്ങളോ കഴിയുമ്പോൾ പ്രാബല്യമില്ലാതാകും. നിങ്ങൾ ഒരു കുബേരനോ കുബേരപുത്രനോ ആയിരുന്നിരിക്കട്ടെ. ഇല്ലാത്ത ഒരുവനായാൽ "നല്ലവരാകിലും ഇല്ലാത്തവരാകിൽ നാട്ടിൽ മാനിടം കിടയാതപ്പാ" എന്ന തമിഴിൽ പറയുന്നതായിരിക്കും ഫലം. നിങ്ങൾ വളരെ നല്ല മനുഷ്യനാണെന്ന്; യാതൊരു വിധമായ സ്വഭാവദോഷങ്ങളും ഇല്ല; ഉൽകൃഷ്ടമായ ആശയവും വിദ്യാഭ്യാസവും സംസ്കാരസമ്പത്തും എല്ലാം ഉണ്ട്. പക്ഷെ ഇല്ലാത്തവരുടെ ഗണനയിൽപ്പെട്ടുപോയാൽ നാട്ടിൽ നിങ്ങൾക്ക് മാന്യത ലഭിക്കുന്നതേയല്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിലായിരിക്കും അഭിമാനികൾ ചിലപ്പോൾ ആത്മാവിനെ വെടിഞ്ഞും രക്ഷപ്രാപിക്കു

നതു്. എന്നാൽ പ്രായോഗികപരിജ്ഞാനവും വിവേകിയുമായവർ നല്ല നാളെയെ പ്രതീക്ഷിക്കും. ഉന്മേഷം വിട്ടു് പ്രവർത്തിയെടുക്കും. നല്ല ഭാവിയെ ആശിക്കും. ലോകജീവിതത്തിൽപ്പെട്ടു കുഴഞ്ഞു വിഷമിക്കുന്ന മനുഷ്യനു് ആശ ഒരു വലിയ ആശ്വാസമാണു്. മനുഷ്യനു ആശ എന്ന ദിവ്യൗഷധം ഇല്ലായിരുന്നുവെങ്കിൽ ഈ ലോകംതന്നെ ഇന്നത്തെ നിലയിൽനിന്നും വളരെ വ്യത്യസ്തപ്പെട്ട ഒന്നായിരിക്കുമായിരുന്നു. കായികവും മാനസികവുമായ ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും നിരാശയുടെയും സമാപ്തിയിൽ ആശ ഒന്നുമാത്രം മനുഷ്യനെ വീണ്ടും ജീവിച്ചു മുന്നോട്ടുപോകുന്നതിനു പ്രേരിപ്പിക്കുന്നു.

അഭിമാനം മനുഷ്യനു ആവശ്യമാണു്. അഭിമാനസംരക്ഷണാർത്ഥമാണു് അധികംപേരും തെററുകൾ പ്രവർത്തിക്കാത്തതു്. അഭിമാനം കാംക്ഷിക്കാത്ത മനുഷ്യൻ നീചവും നിന്ദ്യവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു മടിക്കുന്നതല്ല. അപ്രകാരമുള്ളവർ മനുഷ്യപദത്തിൽനിന്നും തെററി മൃഗതുല്യനായി പ്രവർത്തിച്ചു് ഒരിക്കലും കരകയറാൻപാടില്ലാത്തവിധത്തിൽ അഗാധവും അന്ധകാരമയവുമായ കുഴിയിൽ പതിക്കുന്നതാണു്.

വ്യക്തിസ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസത്തിനും വിലകല്പിക്കുന്ന ഒരു ലോകം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അഭിമാനം എന്താണെന്നു അറിവില്ലാത്തവർക്കും അതു ആവശ്യമില്ലാത്തവർക്കും എന്തും പ്രവർത്തിക്കാം.

വിശപ്പും ദാഹവും ഏതുപ്രകാരത്തിലും തീർക്കാം. പക്ഷെ
ൽകൃഷ്ടവിദ്യാഭ്യാസവും ഉന്നതാശയങ്ങളുമുള്ള വ്യക്തി
ഭിമാനം ഒരുവശത്തും ദാരിദ്ര്യം മറുവശത്തുമായി
ഴിയേണ്ടിവരുന്ന അവസ്ഥ സാധാരണ ചിന്താഗതി
തീതമാണ്. അടിയുറച്ച ദൈവവിശ്വാസവും അട
ത്ത ഭാവി നല്ലതായിരിക്കുമെന്നുള്ള ആശയും മാത്രമായി
ിക്കും അവരെ ജീവിതം നയിക്കുന്നതിന പ്രോത്സാഹി
പ്പിക്കുന്നത്.

കാര്യമായിട്ടാശങ്കക്കൊന്നും ഇല്ലായിരുന്നു. അവശതയിൽ കഴിഞ്ഞിരുന്ന മാതാവിനെ ഉടനെ കാണണമെന്നുള്ള ഒരു തോന്നൽ എനിക്കുണ്ടായി. കോഴിക്കോട്ടുനിന്നു പത്തനംതിട്ടയിൽ എത്തുന്നതിനുമുമ്പു മാതാവ് മരിച്ചു പോകുമോ എന്നൊരു ചിന്തയാണു എനിക്കുണ്ടായത്. കത്തു വായിച്ചതിന് ഉടൻതന്നെ ഓഫീസ്മാനേജരോടു വഴിച്ചെലവിനുള്ള പണം വാങ്ങിച്ചു. അപ്പോൾ സമയം ഏതാണ്ടു പകൽ പന്ത്രണ്ടു മണിയായിക്കാണുമെന്നു തോന്നുന്നു. ട്രെയിൻ കയറി ഷൊർണ്ണൂരിലെത്തി. ട്രെയിൻ കണക്ഷൻ കിട്ടുന്നതിനു വളരെ താമസിച്ചു. യാത്രക്കാർക്കു പലപ്പോഴും ബുദ്ധിമുട്ടുണ്ടാകുന്ന സംഗതിയാണ് ട്രെയിൻ കണക്ഷൻ തെറ്റുന്നത്. അമ്മയുടെ വാർദ്ധക്യം, സുഖക്കേട്, പരിചരിക്കുന്നതിനുള്ള ആളില്ലായ്ക ഇതെല്ലാം ഓർത്തപ്പോൾ ഓരോ നിമിഷവും മണിക്കൂറുകൾ കഴിയുന്നതുപോലെ അവിടെ ഞാൻ കഴിച്ചുകൂട്ടി. ഏതായാലും ചെങ്ങന്നൂരിലെത്തിച്ചേർന്നപ്പോൾ പിറ്റേദിവസം വൈകി ഏകദേശം ഏഴു മണിയായി. പത്തനംതിട്ടയിലേക്കുള്ള ഒടുവിലത്തെ ബസ്സ് പോയി കഴിഞ്ഞു. എന്തുചെയ്യണമെന്നാലോചിച്ച് സ്വല്പ സമയം ഞാൻ ബസ്സ്സ്റ്റാൻഡിൽ കഴിച്ചുകൂട്ടി. അപ്പോൾ എന്നെപ്പോലെ അത്യാവശ്യമായി പത്തനംതിട്ടയിലേക്കുള്ള ഒരു സ്നേഹിതനെ കണ്ടുമുട്ടി. അയാൾ ഇപ്പോൾ ഈ ലേഖനം വായിക്കുന്നതിനില്ല. എന്റെ ഒരു മിത്രവും സഹപാഠിയുമായിരുന്നു. സൈക്കിൾഷാപ്പ് ഉണ്ണി എന്നാണു എല്ലാവരും വിളിച്ചിരുന്നത്. ഒരു സി

കനം വിശ്വസനാം ആണ് ഉണ്ണി. എന്താ മൊതലാളീ, നമുക്കങ്ങു നടക്കാം എന്നായി ഉണ്ണി. (എന്നെ മൊതലാളി എന്നാണു ഉണ്ണി വിളിച്ചിരുന്നത്) പതിനാറു മൈലല്ലേ ഉള്ളൂ; സാരമില്ല. സ്വല്പനേരത്തേയ്ക്കു മുന്നിരുട്ടുണ്ട്. അതുകഴിഞ്ഞാൽ നല്ല നിലാവെളിച്ചം കാണും എന്നു പറഞ്ഞ് എന്നെ ഉണ്ണി പ്രോത്സാഹിപ്പിക്കുവാൻതുടങ്ങി. അപ്പോൾ നടക്കുന്നതിന് എന്നെ ആരും പ്രോത്സാഹിപ്പിക്കേണ്ടതായിട്ടും ഇല്ലായിരുന്നു. ഒരു ഹോട്ടലിൽ കയറി ഊണുകഴിച്ചു. നടന്നുതുടങ്ങി. ഏകദേശം ഒരു മൈൽദൂരം കോഴിക്കോട്ടേയ്ക്കുള്ള റോഡിൽക്കൂടി നടന്നപ്പോൾ എന്റെ കാലിൽ തണുത്ത റബ്ബർപോലുള്ള ഒരു സാധനം തടഞ്ഞതുപോലെ തോന്നി. പാമ്പായിരിക്കുമെന്നു ഞങ്ങൾ സംശയിച്ചു. ഇന്നത്തെപ്പോലെ അന്നു റോഡരികിൽ ഇലക്ട്രിക് ലൈറ്റുകൾ ഇല്ലായിരുന്നു. ഇരുട്ടത്തു നടക്കുന്നതു നല്ലതല്ലെന്നു ഞങ്ങൾക്കു തോന്നി. ഞങ്ങൾ വഴിയരികിലുണ്ടായിരുന്ന ഒരു വീട്ടിൽ കയറി ശകലം ചൂട്ട് വേണമെന്നാവശ്യപ്പെട്ടു. ആ വീട്ടുകാർ രണ്ടുകെട്ടു ചൂട്ട് ഞങ്ങൾക്കു തന്നു. ചൂട്ടു കത്തിച്ച് ഞങ്ങൾ വേഗം നടന്നു. എന്തായാലും പുത്തൻകാവ് പ്രദേശത്തു വന്നപ്പോൾ നിലാവെളിച്ചം വീശിത്തുടങ്ങി. ഞങ്ങൾ ഉത്സാഹത്തോടുകൂടി വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും പറഞ്ഞും ചിരിച്ചും രസിച്ചും നടന്നു. വഴിയരികിലുണ്ടായിരുന്ന ചില വീടുകളിൽനിന്നു ഞങ്ങൾക്കു ചിലപ്പോഴെല്ലാം നായ്ക്കളുടെ ഉപദ്രവമുണ്ടായതൊഴിച്ചാൽ, യാത്ര പൊതുവെ സന്തോഷകരമായി

ണന്നു. എൻെറ കൂട്ടുകാരൻ നല്ല കായബലമുണ്ടായിരുന്ന ഒരു പുരുഷനായിരുന്നു അബ്ദുല്ലത്ത്. അയാൾ വഴിയരികിൽനിന്നു ഒരു കാട്ടുവടി കരസ്ഥമാക്കി. ഞങ്ങളെ ആക്രമിക്കുവാൻ വരുന്ന പട്ടികളെ ഒന്നു കടന്ന് അങ്ങോട്ടും ആക്രമിക്കുവാൻ തുടങ്ങി. ഓടിയും നടന്നും ഞങ്ങൾ കോഴഞ്ചേരിയിൽ തെക്കേമലമുക്കിൽ വന്നുചേർന്നു. സമയം രാത്രി ഏതാണ്ടു പത്തുപതിനൊന്നായിക്കാണും. എട്ടൊൻപതു മണിയാകുന്നതുവരെ ചില യാത്രക്കാരും ചെറിയ നാട്ടുകാരും വഴിയിൽ നടക്കുന്നുണ്ടായിരുന്നു. തെക്കേമലമുക്കിൽ കാളവണ്ടിക്കാരെ ഉദ്ദേശിച്ചു മണ്ണെണ്ണവിളക്കുവച്ച് ഒരു ചെറിയ കാപ്പിക്കട നടത്തുന്നുണ്ടായിരുന്നു. അവിടെക്കയറി ഉണ്ണിയുടെ ഭാഷയിൽ സ്വല്പം ആനമായ് കാപ്പിയും പരിപ്പുവടയും പഴവും വാങ്ങിക്കഴിച്ചുശേഷം ഞങ്ങൾ വീണ്ടും നടന്നു. പകുതിദൂരമേറെയുണ്ട് ഞങ്ങൾ സാവധാനത്തിൽ നടന്നു. നല്ല നിലാവുവെളിച്ചം. ലോകം മുഴുവൻ പാലിൽ കുളിച്ചുനില്ക്കുന്നതുപോലെ തോന്നി. മേഘശകലങ്ങളും കാറും കറുപ്പും ഇല്ലാതിരുന്ന ആകാശത്തിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. ശീതളമായ തെന്നൽ ഞങ്ങൾക്കു സുഖവും ആനന്ദവും നൽകി യാത്രാക്ഷീണം മാററിക്കൊണ്ടിരുന്നു. വഴിയിൽ യാത്രക്കാരായി ഞങ്ങൾ രണ്ടാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

ലോകം മുഴുവനും നിശ്ശബ്ദതയിൽ ആണ്ടിരുന്നു. ലോകത്തിന്റെ മൗനം ഭഞ്ജിക്കുന്നതിന് അങ്ങിങ്ങു നായ്ക്കളുടെ കുരകൾ കേട്ടുകൊണ്ടിരുന്നു.

ഞങ്ങൾ നടന്നു. പലതും സംസാരിച്ചു. പരസ്പരം രസിക്കാത്ത വിഷയങ്ങളെപ്പററിയാണു പലപ്പോഴും സംസാരിച്ചതു്. എനിക്കു രസമുള്ള കാര്യങ്ങളൊന്നും ഉണ്ണിക്കു രസമല്ല എൻെറ കവിതയും സാഹിത്യവും രാഷ്ട്രീയമല്ല ഉണ്ണിക്കു കേൾക്കേണ്ടതു്. അതുപോലെ, ഉണ്ണി പണ്ടു ഗുസ്തിപിടിച്ചതും പന്ത്രണ്ടുപേരെ ഒന്നിച്ചടിച്ചതും, ഉത്സവം കാണാൻ പോയപ്പോൾ വഴക്കുണ്ടായതും മററും എനിക്കും രസമല്ല. രണ്ടുപേരും അങ്ങോട്ടുമിങ്ങോട്ടും മൂളി മൂളി നടന്നു. ചിലപ്പോഴെല്ലാം പിശാചു്, അറുകൊല, യക്ഷി, ഗന്ധർവ്വൻ മുതലായവയുടെ ഭയപ്പെടുത്തലുകളും അത്ഭുതപ്രവർത്തനങ്ങളും മററും ഞങ്ങൾക്കു സംസാരവിഷയമായിട്ടുണ്ടു്. ഞങ്ങൾ വെള്ളിക്കാലയും, നെടുവേലിമുക്കും, ഇലന്തൂരും കഴിഞ്ഞു് അടിവള്ളിമുരുപ്പിൽ എത്തി. ആ പ്രദേശത്തുകൂടിയുള്ള വളവിലും തിരിവിലുംകൂടി നടക്കുന്നവർക്കു് ഇപ്പോഴും ഭയം തോന്നും. കൂടാതെ അടിവള്ളിമുരിപ്പു് മദ്ധ്യമലയ്ക്കടുത്താണെന്നും, അവിടം യക്ഷിഗന്ധർവ്വന്മാരുടെ വിഹാരരംഗമാണെന്നും, അവിടെവെച്ചു പലരെയും യക്ഷി അടിച്ചു കൊലപ്പെടുത്തിയിട്ടുണ്ടെന്നും എൻെറ കുഞ്ഞുനാൾ മുതൽ കേട്ടുള്ള ഒരു ചെറിയ ഭയവും അവിടെ വന്നപ്പോൾ എനിക്കുണ്ടായിരുന്നു. അടിവള്ളിമുരിപ്പു കയറി പത്തനംതിട്ടയിലേയ്ക്കുള്ള ഇറക്കം ഇറങ്ങി. ഇനി കഷ്ടിച്ചു നാലു മൈൽ മാത്രമാണു ഞങ്ങൾക്കു നടക്കുവാനുള്ളതു്. സമയം ഏകദേശം ഒരു മണിയായി കാണും. ദൂരത്തിൽനിന്നു് ഏകദേശം ഇരമ്പു്

ഞ്ഞൂറടി അകലെയായി ഒരു കലുങ്കുണ്ട്. കൊല്ലന്റെ പടിക്കലെ കലുങ്കെന്നാണ് അതിനു സാധാരണ പേരു പറയാറുള്ളത്. കലുങ്കിന്റെ രണ്ടു വശങ്ങളിലുമായി പത്തുപന്ത്രണ്ടടി നീളത്തിലും രണ്ടടി പൊക്കത്തിലും കരിങ്കല്ലുകൊണ്ടുള്ള ഭിത്തികൾ ഉണ്ട്. അവിടെ ഏകദേശം ഒരു മൈലോളം നീളത്തിൽ റോഡിന്റെ ഇരുവശങ്ങളിലുമായി അരയാൽവൃക്ഷങ്ങളും പുന്നമരങ്ങളും ഉണ്ട്. ഇന്നും ആ വൃക്ഷങ്ങൾ വേനല്ക്കാലത്തു നടന്നു സഞ്ചരിക്കുന്ന യാത്രക്കാർ തണലു കൊടുത്തു ക്ഷീണം തീർത്തു നിലകൊള്ളുന്നുണ്ട്. ഈ വൃക്ഷങ്ങൾ പഴയകാലത്തു ജീവിച്ചിരുന്ന ഏതോ സഹൃദയന്മാർ യാത്രക്കാർക്ക് ആശ്വാസം നല്കുന്നതിനുവേണ്ടി വച്ചുപിടിപ്പിച്ചതായിരിക്കാമെങ്കിലും, രാത്രികാലങ്ങളിൽ അതുവഴി സഞ്ചരിക്കുന്ന യാത്രക്കാർക്ക് ഭയാനകമായി അവിടം തോന്നുന്നതാണ്. ഭയശങ്ക താനേ ഉണ്ടാകുന്നതുമാണ്. ഞങ്ങൾ സാവധാനമായി ഇറക്കം ഇറങ്ങി നടക്കുന്നതിനിടയിൽ എന്റെ കൂട്ടുകാരൻ ഉണ്ണി ഒന്നു ഞെട്ടി പകച്ചു പുറകോട്ടു മാറി. ഞാനും ഭയപ്പെട്ട് പെട്ടെന്നു പുറകോട്ടു മാറി ഉണ്ണി രഹസ്യമായി എന്റെ ചെവിക്കുള്ളിൽ മന്ത്രിച്ചു! അതാ, കലുങ്കിന്റെ പുറത്ത് ആരോ ഒരാൾ നില്ക്കുന്നു! ഞാനും ആ ദിക്കിലേയ്ക്കു നോക്കി. ഞാൻ അറിയാതെ ഭയംകൊണ്ട് എന്റെ ശരീരം മുഴുവനും വിറച്ചു. നാക്കിലെ വെള്ളം വറ്റി. ശബ്ദിക്കുന്നതിനു സാധിക്കുന്നില്ല ഞാൻ കൂട്ടുകാരനെ കയറിക്കെട്ടിപ്പിടിച്ചു കലുങ്കിന്റെ പുറത്ത് നിലാവുവെളിച്ച

ത്തിനിടയിൽ തലമുടിക്കെട്ട് അഴിച്ചിട്ടിരിക്കുന്ന ഒരു സ്ത്രീയുടെ രൂപത്തെ ഞാനും കണ്ടു. യക്ഷിക്ക് സ്ത്രീരൂപമായിരിക്കുമെന്നു ഞാൻ കേട്ടിട്ടുണ്ട്. പുറംതിരിഞ്ഞാൽ യക്ഷി അടിക്കും കൂട്ടുകാരൻ പിന്നെയും മന്ത്രിച്ചു. ഞങ്ങൾ രണ്ടുപേരും ആ സ്ത്രീരൂപത്തിനെത്തന്നെ നോക്കി ഏതാണ്ട് അഞ്ചു മിനിട്ടുസമയം എന്തു ചെയ്യേണ്ടു എന്നറിയാതെ ഭയവിഹ്വലരായിനിന്നു. എന്റെ സ്നേഹിതൻ കലികൊണ്ടു കിടുകിടാ വിറയ്ക്കുന്നതു് എനിക്ക് അനുഭവപ്പെട്ടു. സ്ത്രീരൂപം പെട്ടെന്നു കല്ലിന്റെ മുകളിൽനിന്നു താഴോട്ടു ചാടി. ആ രൂപം നടന്നു ഞങ്ങളെ സമീപിക്കുന്നതുപോലെ ഞങ്ങൾക്കു തോന്നി. എന്റെ സ്നേഹിതൻ ബൈബിളിലെ ചില വാചകങ്ങൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു അലറിക്കൊണ്ട് വെളിവുകെട്ട വെളിച്ചപ്പാട് തുള്ളുന്നവരെപ്പോലെ നിന്നു ചാടി. ആ രൂപം പെട്ടെന്നു നിന്നു ഏകദേശം നാലടി പൊക്കം കാണും തലമുടി അഴിഞ്ഞു നിലത്തിൽ താഴോട്ടു കിടക്കുന്നുണ്ട് വസ്ത്രം ധരിച്ചിട്ടുണ്ട്. അതു വെളുത്തതല്ല. സ്ത്രീയുടെ രൂപമാണെന്നുള്ളതിനു സംശയമില്ല. എന്റെ കൂട്ടുകാരന്റെ അലർച്ച കേട്ട് ആ സ്ത്രീരൂപം എന്തൊക്കെയോ ശബ്ദം പുറപ്പെടുവിച്ചു. "പോടാ പോ" എന്നുതുടങ്ങി ചില വാചകങ്ങൾ. ഇതു കേട്ട മാത്രയിൽ - ഉണ്ണി പെട്ടെന്നു പൊട്ടിച്ചിരിച്ചു. "എന്റെ പൊന്നു മോഹാലി! അതു പിരാന്തി കൊല്ലപ്പന്നിക്കത്തിയാണ്". ഇവളെ അടിച്ചു ശരിപ്പെടുത്തണം എന്നുപറഞ്ഞു" ഉണ്ണി മുന്നോട്ടു പാഞ്ഞു. ആ പിരാന്തി

എന്നെ അടിക്കല്ലേ എന്നു വിളിച്ചുപറഞ്ഞുകൊണ്ട് റോഡിൻെറ തെക്കുവശമുണ്ടായിരുന്ന വീട്ടിലേക്ക് ഓടിക്കയറി. അതവളുടെ വീടാണെന്നും, കെട്ടഴിച്ചു ഇറങ്ങിയതാണെന്നും ഞാൻ മനസ്സിലാക്കി. പത്തനംതിട്ടയിലെത്തി. ഞാൻ വീട്ടിൽ വന്നുചേർന്നു. കൊല്ലത്തിപ്പിരാന്തിയെക്കണ്ടു ഭയപ്പെട്ട കഥ ഞാൻ എൻെറ മാതാവിനോടു പറഞ്ഞു അവർ ചിരിച്ചുവെങ്കിലും രാത്രികാലങ്ങളിൽ നടക്കരുതെന്ന്' എന്നെ ഉപദേശിച്ചു. അവരുടെ സുഖക്കേടും ഭേദമായി.

## മോട്ടോർ വാഹനങ്ങളുടെ ഉത്ഭവം

മോട്ടോർ വാഹനനിർമ്മാണം ലോകവ്യാപാരങ്ങളുടെ പുരോഗതിയെ സാരമായി സഹായിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഉത്ഭവകാലത്തു വലിയ പ്രതിബന്ധങ്ങളെ ഇതിന്റെ ജനയിതാവിനു തരണംചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ഒരു 'ഗ്യാസ് എൻജിൻ' കമ്പനിയുടെ പങ്കാളിയായിരുന്ന കാറൽ ബെൻസ് എന്ന എൻജിനിയർ കുതിരകളെ കൂടാതെ യാത്രചെയ്യാവുന്ന ഒരു വാഹനത്തെ സംബന്ധിച്ചു ചിന്തിക്കുവാൻ ഇടയായി. കുതിരകളുടെ സഹായമില്ലാതെ ഗ്യാസുകൊണ്ടു മുൻപോട്ടു നീങ്ങത്തക്ക മൂന്നു ചക്രങ്ങളുള്ള ഒരു വണ്ടി ഉണ്ടാക്കണമെന്നായിരുന്നു അദ്ദേഹം ചിന്തിച്ചതു്. അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരോടു തന്റെ അഭിപ്രായ

ത്തെ സംബന്ധിച്ചു ആലോചിച്ചുവെങ്കിലും യാതൊരു വിധമായ പ്രോത്സാഹനങ്ങളും ലഭിച്ചില്ല. അന്നു അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ആദരിക്കുന്നതിനും ആരും തന്നെ ഉണ്ടായിരുന്നില്ല. പറയത്തക്ക സ്വത്തുക്കൾ യാതൊന്നും ഇല്ലാതിരുന്നതിനാൽ തന്റെ പാവപ്പെട്ട കുടുംബത്തെ സംരക്ഷിക്കേണ്ട മുഴുവൻ ചുമതലയും ബേൺസ് തന്നെ വഹിക്കേണ്ടിയിരുന്നു. പതിവുജോലികൾക്കു ഹാജരാകാതെ ബുദ്ധി മുഴുവനും പുതിയ ആഗ്രഹസാഫല്യത്തിനു വിനിയോഗിക്കുന്നപക്ഷം വീട്ടുകാർ ദാരിദ്ര്യത്തിലാണ്ടുപോകും. അതുകൊണ്ടു സാധാരണ ജോലിസമയങ്ങൾക്കു ശേഷമുള്ള വിശ്രമാവസരങ്ങളിൽ പരിശ്രമിക്കുന്നതിന് അദ്ദേഹം നിർബ്ബന്ധിതനായിത്തീർന്നു. പരീക്ഷണങ്ങൾ നടത്തുന്നതിനും, അതിനുള്ള യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനും ധാരാളം പണം ആവശ്യമുണ്ട്. ധനസംബന്ധമായ പ്രയാസങ്ങൾ ധാരാളമായിട്ടുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ മനോധൈര്യവും പ്രവർത്തനസന്നദ്ധതയും വിജയത്തിലേയ്ക്കുതന്നെ അദ്ദേഹത്തെ നയിച്ചുകൊണ്ടിരുന്നു. പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തിക്കൊണ്ടു പത്തുനീണ്ട വർഷങ്ങൾതന്നെ ബേൺസിനു കഴിച്ചുകൂട്ടേണ്ടിവന്നു. തന്റെ പ്രയാസങ്ങളിൽ അദ്ദേഹത്തിന്റെ സഹധർമ്മിണി ആത്മാർത്ഥമായി സഹകരിക്കുകയും വീട്ടുചെലവുകൾ വളരെ ചുരുക്കിയും, ഭർത്താവിനെ യാതൊരുതരത്തിലും ശല്യമാക്കാതെയും അലട്ടാതെയും നാളുകൾ കഴിച്ചുകൂട്ടുകയും ചെയ്തുകൊണ്ടിരുന്നു.

1885-ൽ ആണ് വിശ്രുതരൂപത്തിലുള്ള അദ്ദേഹ ത്തിന്റെ ആദ്യത്തെ വാഹനം പൂർത്തിയായത്. പത്തു നീണ്ട വർഷക്കാലത്തെ 'നിരന്തരവും ക്ലേശമയവുമായ പ്രവർത്തനങ്ങൾകൊണ്ട് അദ്ദേഹത്തിന്റെ ശരീരവും മനസ്സും വളരെയധികം ക്ഷീണിച്ചുപോയിരുന്നുവെന്നു മാത്രമല്ല, "മന്ദനായ എൻജിനീയർ, സ്വപ്നത്തിൽ ജീവിക്കുന്ന മനുഷ്യൻ" എന്നുംമററുമുള്ള അപരനാമങ്ങൾ ലഭിച്ചിട്ടുമുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പുതിയ യന്ത്രത്തിനു എന്തുചെയ്യുവാൻ സാധിക്കുമെന്നു പരീക്ഷണം നടത്തി തെളിയിക്കേണ്ട വലുതായ ചുമതല നിർവ്വഹിക്കുന്നതിന് അദ്ദേഹത്തിന്റെ ആത്മശക്തി വലുതായ പ്രേരണ നടത്തി. അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളെയും, ആത്മസുഹൃത്തുക്കളിൽ അധികംപേരെയും ക്ഷണിച്ചുവരുത്തി ബെൻസ് തന്റെ സഹധർമ്മിണിയായ ഫ്രോബെൻസുമൊരുമിച്ചു ആ വാഹനത്തിൽ കയറി ഇരുന്നു. ഹർഷാരവങ്ങൾക്കിടയിൽ പ്രസ്തുത വാഹനം സ്വല്പം മുൻപോട്ടു നീങ്ങിയെങ്കിലും, ഇന്നത്തെ രീതിയിൽ ഇഷ്ടാനുസരണം നിയന്ത്രിക്കുവാനോ തിരിക്കുവാനോ ആയ ഒരു വാഹനമല്ലാതിരുന്നതിനാൽ, വണ്ടി ഒരു കരിങ്കൽഭിത്തിയിൽ ചെന്നിടിക്കുകയും, അതിൽ കയറി ഇരുന്ന രണ്ടുപേരും നിലംപതിക്കുകയുംചെയ്തു. 'മിസ്സസ് ബെൻസ്' കണ്ണുനീർ വാർത്തു. അവരുടെ ആകാശക്കോട്ടകൾ നിലംപതിച്ചതുപോലെ തോന്നി. യന്ത്രം ഒടിഞ്ഞും പൊട്ടിയും താറുമാറായിപ്പോയതിനാൽ കേടുപാടുകൾ പോക്കുന്നതിനു തലച്ചുമ

ടായി എടുത്തുകൊണ്ടുപോകേണ്ടതായി വന്നുകൂടി. ആളുകൾ കൂട്ടംകൂട്ടമായി പരിഹസിച്ചു പൊട്ടിച്ചിരിച്ചു.

ബെൻസിന്റെ ആത്മധൈര്യം അദ്ദേഹത്തെ വെടിഞ്ഞില്ല. വളരെ ചുരുങ്ങിയ ദിവസങ്ങൾകൊണ്ടു അതു വീണ്ടും നന്നാക്കി. ഈ പ്രാവശ്യം അദ്ദേഹം ആരെയും തന്നെ ക്ഷണിച്ചിട്ടില്ലായിരുന്നുവെങ്കിലും കാഴ്ചക്കാരായി ധാരാളം ജനങ്ങൾ തിങ്ങിക്കൂടിട്ടുണ്ടായിരുന്നു. ഭാര്യയും ഭർത്താവും പഴയതുപോലെ അതിൽ കയറിയിരുന്നു ഓടിക്കുവാൻ തുടങ്ങി. സ്വല്പം മുൻപോട്ട് നീങ്ങിയപ്പോൾ അതു വീണ്ടും നിന്നുപോയതിനാൽ അതിനെ ചുമലിൽ എടുത്തു രണ്ടാംപ്രാവശ്യവും വീട്ടിൽ കൊണ്ടുപോകേണ്ടി വന്നു. തലച്ചുമടിൽ കൊണ്ടുപോകുന്ന ഈ കാഴ്ച കണ്ടപ്പോൾ അദ്ദേഹത്തിന്റെ ശത്രുക്കൾ ആർത്തുവിളിച്ചുവെങ്കിലും, ബെൻസിന് തന്റെ കണ്ടുപിടിത്തത്തിൽ തൃപ്തിയും വിശ്വാസവും തോന്നി. തുടർന്നുള്ള ബെൻസിന്റെ പരീക്ഷണങ്ങൾ അദ്ദേഹത്തെ പരിപൂർണ്ണമായും തൃപ്തിപ്പെടുത്തുകയും, താനേ ഓടുന്നതായ ഒരു വാഹനം നിർമ്മിക്കാമെന്നുള്ള ഉത്സാഹം പ്രബലമായി ഫലപ്പെടുകയും ചെയ്തു. ഓരോ ശ്രമങ്ങളും തുടർച്ചയായിട്ടുള്ള വലിയ വലിയ വിജയങ്ങളിലേക്ക് അദ്ദേഹത്തെ നയിച്ചുകൊണ്ടിരുന്നു. അക്കാലത്ത് അദ്ദേഹത്തിനു ഒരു വലിയ പ്രതിബന്ധം നേരിട്ടു. പരിശോധനകൾക്കായി വണ്ടിയെ വെളിയിലിറക്കുന്ന എല്ലാ സന്ദർഭങ്ങളിലും കാഴ്ചക്കാർ കൂട്ടംകൂട്ടമായി തിങ്ങിക്കൂടുകയും, വലിയ ബഹളങ്ങളും ഒച്ചപ്പാടുകളും ഉണ്ടാകുകയും, സമാധാനഭംഗ

ക്ഷണനാർത്ഥം പലപ്പോഴും പോലീസ് ഏർപ്പെടേണ്ടി വരികയും ചെയ്തുകൊണ്ടിരുന്നു. അതിനാൽ പുറപ്പാടു മൂലം ജനങ്ങൾ രാത്രിയിൽ ഉറക്കമാരംഭിച്ചശേഷം തന്റെ വാഹനത്തെ വെളിയിലോട്ടിറക്കുന്നതിനു അദ്ദേഹം നിർബ്ബന്ധിതനായിത്തീർന്നു. അതിനുവേണ്ടി ചിലപ്പോൾ രാത്രി രണ്ടും മൂന്നും മണിവരെ കാത്തിരിക്കേണ്ടതായും വന്നിട്ടുണ്ട്. ആ വാഹനത്തിന്റെ 'കടകടാ'യമായ ശബ്ദം അന്നുവരെ ആളുകൾ ശ്രവിച്ചിട്ടില്ലാത്ത വിധത്തിൽ ഭയാനകമായിരുന്നു. ഏറ്റവും വലിയ കർഷകന്മാരുടെയും ശാന്തമായ നിദ്രാസുഖത്തെ ഭഞ്ജിക്കത്തക്കതായിരുന്നു അത്. ഇപ്പോഴും ചില വാഹനങ്ങൾ തകരാറുവരുമ്പോൾ ഉണ്ടാകുന്ന ശബ്ദം വാഹനങ്ങളിൽ പലരും ശ്രവിച്ചുകാണുമല്ലോ. അസുഖകരമായ ആ ശബ്ദം പലപ്പോഴും കാറൽബെൻസിന്റെ പേരിൽ പരാതികൾക്കു ഇടയാക്കിട്ടുണ്ട്. അവസാനമായി 1896-ൽ ലാർഡ്ഷോഫ് എന്ന ഗ്രാമത്തിൽ നിന്നും സാൻഡ്ഹോഗൻ എന്ന ഗ്രാമംവരെ ആ വാഹനത്തെ ഓടിക്കുന്നതിനു സാധിച്ചു. പത്രങ്ങൾ പ്രസ്തുത പ്രവർത്തനത്തെ അഭിനന്ദിക്കുവാൻ തുടങ്ങി. അന്നത്തെ ഒരു പ്രമുഖ പത്രിക അഭിപ്രായപ്പെട്ടു, "മിസ്റ്റർ ബെൻസിന്റെ ഈ വിശേഷവാഹനം കാലാന്തരത്തിൽ ഡോക്ടറന്മാർക്കും, വിനോദസഞ്ചാരികൾക്കും പ്രായോഗികമായി ഉപകരിക്കുമെന്നുള്ളതിനു സംശയമില്ല" എന്നായിരുന്നു. 1897-ൽ അദ്ദേഹത്തിന്റെ പുതിയ കണ്ടുപിടിത്തമായി ഒപ്പം പ്രോത്സാഹനാർത്ഥം ഗവൺമെന്റിൽ

നിന്നും ഒരു പാരിതോഷികം നൽകപ്പെട്ടു. 1893-ൽ തടികൊണ്ടുള്ള ചക്രങ്ങൾ ഉണ്ടാക്കുകയും, മൂന്നു കുതിര ശക്തിയുടെ വേഗത്തിൽ ഓടിക്കുവാൻ സാധിക്കുകയും ചെയ്തു. ഈ വാഹനത്തിന് ഇന്നത്തെ പരിഷ്കൃതരീതിയിലുള്ള 'ബ്രേക്ക്'കൾ ഇല്ലാതിരുന്നതിനാൽ ഇഷ്ടാനുസരണം നിറുത്തുന്നതിനോ തിരിക്കുന്നതിനോ സാധിക്കാതിരുന്നതുകൊണ്ട് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ കുതിച്ചുപായുകയും ജനബാഹുല്യത്തിലൂടെ സ്വൈരമായ ഗതാഗതത്തിനു പലപ്പോഴും സാരമായ പ്രയാസങ്ങൾ ഉണ്ടാക്കിത്തീർക്കുകയും ചെയ്തു. 1899-ൽ ഒരു വലിയ പരാതിയുണ്ടാകുകയും, ബെൻസിനെ പോലീസ്സ്റ്റേഷനിൽ ഹാജരാക്കപ്പെടുകയും ചെയ്തു. പൊതുജനങ്ങൾക്ക് പൊതുവെ ഉപദ്രവകരമായിക്കാണ്ടിരിക്കുന്ന പ്രസ്തുത വാഹനത്തെ വെളിയിലിറക്കി ഓടിക്കുവാൻപാടില്ലെന്ന അധികാരികൾ ആജ്ഞാപിച്ചുവെങ്കിലും, പ്രസ്തുത വാഹനംമൂലം ലോകത്തിന് ഉണ്ടാകാവുന്ന ഉപയോഗങ്ങളെ ബെൻസു സഹോദരന്മാരും വിശദീകരിക്കുകയാൽ പട്ടണത്തിനു വെളിയിൽ പോകാതെ വളരെ കുറഞ്ഞ വേഗത്തിൽ ഓടിച്ചുകൊള്ളുന്നതിനു അനുവാദം നല്കപ്പെട്ടു. കുറഞ്ഞ വേഗത്തിൽ ഓടിച്ചു പരീക്ഷണങ്ങൾ നടത്തുന്നതു കാര്യസാദ്ധ്യത്തിനു വളരെ വിഘാതമായിവന്നു. മനുഷ്യസംസ്കാരത്തിന്റെ പുരോഗതിയെ സാരമായി സഹായിക്കുവാൻ പര്യാപ്തമായ തന്റെ പ്രസ്ഥാനത്തിന്റെ മാർഗ്ഗതടസ്സത്തെ വിശദീകരിച്ചുകൊണ്ട് സഹായാർത്ഥം ബെൻസ് പ്രധാനമന്ത്രിക്കു

ഒരു അപേക്ഷ അയച്ചുവെങ്കിലും ബേഡൻ പട്ടണത്തിനുള്ളിൽ ആറു 'കിലോമീററർ' വേഗത്തിലും, പട്ടണത്തിനു വെളിയിൽ പന്ത്രണ്ടു കിലോമീററർ വേഗത്തിൽ കൂടാതെയും ഓടിച്ചുകൊള്ളുന്നതിനു അനുവാദം നൽകപ്പെട്ടു. ഇങ്ങനെ ഒരനുവാദം ലഭിച്ചുവെങ്കിലും വാഹനത്തിന്റെ വേഗത കൂട്ടുന്നതിനു ഉപയുക്തമായ പരീക്ഷണങ്ങൾക്കു ഒരു വലിയ പ്രതിബന്ധം ആയിരുന്നു. അധികാരികളുടെ അനാക്ഷേപമായ അനുവാദം ലഭിക്കുന്നതിനുവേണ്ടി ഒരു വലിയ തന്ത്രംതന്നെ പ്രയോഗിക്കേണ്ടിവന്നു. ബേഡനിലെ പ്രധാനമന്ത്രിയെ തന്റെ പുതിയ വണ്ടിയിൽ സവാരിചെയ്യുന്നതിനു ഒന്നു ക്ഷണിക്കുന്നതിനുതന്നെ ബൻസ് തീരുമാനിച്ചു.

അക്കാലത്തു ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയും മാന്യപൗരന്മാരുടെയും വീടുകളിൽ ഒററക്കുതിരകെട്ടിയ വണ്ടികൾമുഖാന്തിരം ആയിരുന്നു പാൽവിതരണം ചെയ്തുവന്നിരുന്നത്. പാൽവണ്ടികൾ തിരിക്കുന്ന സമയത്തോടു അടുപ്പിച്ചുള്ള സമയം ബൻസും പ്രധാനമന്ത്രിയേക്കയററി സവാരിചെയ്യുന്നതിനു തീരുമാനിച്ചു. പ്രധാനമന്ത്രി വന്നുചേർന്ന ഉടൻതന്നെ പാൽവണ്ടികളുടെ പുറകിലായി മന്ത്രിയേയും വഹിച്ചുകൊണ്ടു ബൻസിന്റെ വാഹനവും നീങ്ങിത്തുടങ്ങി. എന്നാൽ അനുവദിച്ചിരുന്ന വേഗത്തിൽ ഓടുന്നപക്ഷം എപ്പോഴും പാൽവണ്ടിയുടെ പുറകിൽമാത്രമേ ഇവർക്കു യാത്രചെയ്യുവാൻ സാധിക്കുകയുള്ളു. നേരെതന്നെയുള്ള രഹസ്യമായ ഏർപ്പാടുകൾകൊണ്ടു പാൽവണ്ടി കഴിയുന്നതും വേഗത്തിൽ

തന്നെ ഓടിക്കപ്പെടുകയും, ഏർപ്പെടുത്തിയിരുന്ന ഒരു സംഘം ആളുകൾ ബൻസിന്റെ വാഹനം ഇഴഞ്ഞിഴഞ്ഞുപോകുന്ന കാഴ്ച കണ്ടു പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു. മന്ത്രി അവർക്കു ക്ഷോഭാകുലനാകുകയും വേഗത്തിൽ ഓടിച്ചു കുതിരവണ്ടിയെ മുന്നിടുന്നതിനു ആജ്ഞാപിക്കുകയുംചെയ്തു. ബൻസിന്റെയും ആവശ്യം അതുതന്നെയായിരുന്നു. അപകടം യാതൊന്നും ഉണ്ടാകാത്ത രീതിയിൽ വളരെ കരുതലോടുകൂടി അദ്ദേഹം വണ്ടി ഓടിച്ചു കുതിരവണ്ടികളെ തോല്പിച്ചു. അന്നു മുതൽ ആവശ്യമുള്ള വേഗത്തിൽ ഓടിച്ചുകൊള്ളുന്നതിനും യാത്രക്കാരെ കയററിക്കൊള്ളുന്നതിനും അനുവാദം ലഭിച്ചു. ആ കാലംമുതൽ ആവശ്യാനുസരണമുള്ള പരിഷ്കാരങ്ങളും മററു ഉപകരണങ്ങളും ഘടിപ്പിക്കുകയും, ഉന്നതരീതിയിലുള്ള പരിഷ്കരിച്ച വാഹനങ്ങൾ നിർമ്മിക്കപ്പെടുകയുംചെയ്തു.

# വിജയരഹസ്യം

[വിദ്യാർത്ഥികളോട്]

ഭൂമുഖത്തിൽ ജീവിതവിജയത്തിന്നുവേണ്ടി ആഗ്രഹിക്കാത്ത ഏതെങ്കിലും വ്യക്തി കാണുമോ? എന്നോട് ആരെങ്കിലും ഈ ചോദ്യം ചോദിക്കുന്നപക്ഷം കാണുകയില്ലെന്ന ഞാൻ തീർത്തു ഉത്തരംപറയും. ജീവിതത്തിൽ നാം ഒരു മത്സരം കാണുന്നുണ്ട്, ജീവിതമത്സരം. എന്തിന്നുവേണ്ടിയുള്ള മത്സരം? വിജയത്തിന്നുവേണ്ടിയുള്ള മത്സരം. അപ്രകാരമാണെങ്കിൽ വിജയിക്കുന്നതിന്നുള്ള മാർഗ്ഗത്തെ സംബന്ധിച്ചു അറിയേണ്ടതു് ഓരോരുത്തരുടെയും ഒഴിച്ചുകൂടാൻപാടില്ലാത്ത കടമയല്ലേ? തീർച്ച

യായിട്ടും. നിങ്ങൾ ഓരോരുത്തരും വിജയത്തിനു വേണ്ട മാർഗ്ഗങ്ങളെപ്പററി അന്വേഷിക്കുന്നുണ്ട്. അതു നിങ്ങൾ അറിയുകയും ചെയ്യും. നിങ്ങൾ പ്രായത്തിൽ കുറവുള്ള യുവതികളും യുവാക്കളും ആയതുകൊണ്ട് നിങ്ങളുടെ അനുഭവജ്ഞാനവും ജീവിതവിജയം തിട്ടപ്പെടുത്തുന്നതും വിജയമാർഗ്ഗങ്ങളെ അന്വേഷിക്കുന്നതും പര്യാപ്തമായിരിക്കയില്ല. എന്നാൽ അനേകകാലം ജീവിച്ചിട്ടുള്ളവരും അനേകം അനുഭവങ്ങൾ ഉള്ളവരുമായ വയോവൃദ്ധന്മാരെ നിങ്ങൾക്കു കാണുവാൻ സാധിക്കുന്നതാണ്. അവരുടെ ജീവിതാനുഭവങ്ങളെയും ഉപയോഗിച്ച മാർഗ്ഗങ്ങളെയും പ്രവർത്തനങ്ങളെയും തട്ടിച്ചു നോക്കി വിജയസാദ്ധ്യതകളെ സംബന്ധിച്ചു അനുമാനിക്കാം. ഒരു മനുഷ്യന്റെ സർവ്വസാഹോദര്യചിന്തയും അയാളുടെ സുഖസൗകര്യാദികളെ മററുള്ളവരുടെ നന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള ത്യാഗസന്നദ്ധതയും അയാളുടെ വിജയത്തിന്റെ കാരണമാകുന്നതാണ്. മഹാത്മാഗാന്ധിയെപ്പോലുള്ള ചില മഹാന്മാർ ഈ ഗുണവിശേഷംകൊണ്ടാണ് വിജയിച്ചിട്ടുള്ളതും ആദരണീയരായിട്ടുള്ളതും എക്കാലവും സ്മരിക്കപ്പെട്ടിട്ടുള്ളതും. ക്ഷമാശീലം ഒരു മനുഷ്യന്റെ വിജയത്തിനുള്ള ഒരു പ്രധാന ഗുണവിശേഷതയാണ്. മനുഷ്യന്റെ ജീവിതവ്യവസായത്തിൽ എപ്പോഴും വിലപ്പെട്ടതും ഒരിക്കലും വിലയിടിയാത്തതുമായ ഒരു നാണയമാണ് ക്ഷമ. വിജയാന്വേഷണത്തിലേക്കുള്ള മാർഗ്ഗമദ്ധ്യേ നിങ്ങൾക്കെന്തെങ്കിലും പ്രയാസങ്ങളോ പ്രതിബ

ന്ധങ്ങളോ ഉണ്ടായാൽ നിങ്ങൾ നിരാശരാകുകയോ നിരുത്സാഹികളാകുകയോ ചെയ്യരുതു്. പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും തരണംചെയ്യുന്നതു് ഒരു രസമായി സ്വീകരിക്കണം. ശീലത്തിനും ഉത്സാഹത്തിനും റോബർട്ട് ബ്രൂസ് നിങ്ങൾക്കു മാതൃകയായിരിക്കട്ടെ.

നിങ്ങൾ മററുള്ളവരെ വിദ്വാന്മാരുടെ മാതൃകവെച്ചു് അളക്കരുതു്. നിങ്ങളുടെ അളവനുസരിച്ചു താണവരായിട്ടുള്ളവരെ വിമർശിക്കാതിരിക്കണം. അപ്രകാരം ചെയ്യുന്നപക്ഷം നിങ്ങൾ മററുള്ളവരുടെ അവജ്ഞയ്ക്കും വിമർശനത്തിനും പാത്രമായിത്തീരും. ഇപ്രകാരമുള്ള സ്വഭാവവിശേഷങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ ലോകത്തിൽ നിങ്ങൾക്കു ശത്രുക്കൾ കാണാതിരിക്കുകയും നിങ്ങളുടെ വിജയത്തിനു പ്രതിബന്ധമുണ്ടാകാതിരിക്കുകയും ചെയ്യും.

ഓരോ രാജ്യത്തിലെയും ജനങ്ങളെ രണ്ടുതരക്കാരായി തിരിക്കാം. ഒന്നു് അവരുടെ ദേശാഭിമാനത്തെ പുലർത്തുകയും ദേശത്തിനു സൽപ്പേരുണ്ടാക്കിക്കൊടുക്കുകയുംചെയ്യുന്നവർ. മറേറതു അവരുടെ ജന്മദേശത്തിന്റെ പേരിനു കളങ്കമുണ്ടാക്കുന്നവർ. നിങ്ങളിൽ ഓരോരുത്തരും ഈ രണ്ടിനത്തിൽ ഏതെങ്കിലും ഒന്നിൽപെട്ടവരായിരിക്കും. നിങ്ങൾ ആരാണെന്നുള്ളതു് ചിന്താർഹമല്ല. നിങ്ങൾ കുടിലിൽ ജനിച്ച പാവപ്പെട്ടവന്റെ സന്താനമായിരിക്കട്ടെ. അല്ലാത്തപക്ഷം കൊട്ടാരത്തിലു

മായ സുഖസൗകൎയ്യാദികളോടുകൂടിയ കുബേരന്റെ സന്താനമായിരുന്നുകൊള്ളട്ടെ. നിങ്ങളിൽ ചിലൎക്ക് ആവശ്യത്തിലധികം സുഖസൗകൎയ്യാദികൾ ഉണ്ടായിരിക്കാം. യാതൊരു സൗകൎയ്യവും ഇല്ലാതിരിക്കാം. ആവശ്യമുള്ള പുസ്തകങ്ങളും അത്യാവശ്യത്തിനുള്ള ക്ഷേമസാധനങ്ങളും നിങ്ങളിൽ പലൎക്കും ഇല്ലാതിരിക്കാം. ചിലർ ആഗ്രഹിക്കുന്നിടത്തോളംകാലം സ്കൂളിൽ പോയി പഠിക്കുന്നതിനു സാധിച്ചില്ലെന്നുവരാം. പക്ഷെ നിങ്ങൾ വിജയത്തിലേയ്ക്കുള്ള പന്ഥാവ് തെളിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ഇപ്പോഴത്തെ ചിന്തയ്ക്കനുസരിച്ചും ഇപ്പോഴത്തെ പ്രവൎത്തിക്കനുസരണമായും ഇപ്പോൾ നിങ്ങൾ നിങ്ങളുടെ സമയം ഉപയോഗപ്പെടുത്തുന്നതിനനുസരിച്ചും ആയിരിക്കും നിങ്ങളുടെ ഭാവി. നിങ്ങൾ വിചാരിക്കുന്നതുപോലെ ആയിരിക്കും നിങ്ങളുടെ ഭാവിയെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. നിങ്ങളുടെ കുട്ടിക്കാലത്തെ ആശ്രയിച്ചതായിരിക്കും നിങ്ങളുടെ ഭാവികാലം

നമ്മുടെ ഭാവി നമ്മെത്തന്നെ ആശ്രയിച്ചതാണെങ്കിൽ എന്തുകൊണ്ടാണ് അനേകം ആളുകൾ പരാജയപ്പെടുന്നത്? പരാജയത്തിനു കാരണങ്ങൾ പലതും ഉണ്ട്. മന്ദബുദ്ധികളെപ്പോലെ ഉത്സാഹമില്ലാതെ ചിലർ പരാജയപ്പെടുന്നു. അനുസരണശീലത്തിന്റെ അഭാവംകൊണ്ടും ചീത്ത സ്വഭാവവും ചീത്ത കൂട്ടുകെട്ടുകൊണ്ടും അനേകർ തോൽവിയടയുന്നു. അനാരോഗ്യമല്ലാത്ത ചില ദുരുപാധികളിൽ അകപ്പെട്ടു ചിലർ തോല്ക്കുന്നു.

തക്കസമയത്തുള്ള സഹായം ലഭിക്കാത്തതുകൊണ്ടും ചിലർ ജീവിതമത്സരത്തിൽ തോൽക്കുന്നതാണ്. എന്നാൽ തോൽവികളിൽ അധികവും ഉണ്ടാകുന്നത് ഓരോരുത്തർക്കും ലഭിക്കുന്ന സന്ദർഭങ്ങളെ ശരിയായി തക്കസമയത്തു വിനിയോഗിക്കാത്തതുകൊണ്ടാണ്. ഒരിക്കൽ നഷ്ടപ്പെട്ട സന്ദർഭം പിന്നീട് ലഭിക്കുന്നതല്ല.

# സർ ജെ. സി. ബോസ്സ്

ഡാക്ടർ ജെ. സി. ബോസ്സിൻെറ ഗവേഷണങ്ങളും നിരീക്ഷണങ്ങളും അദ്ദേഹത്തിൻെറ മാതൃരാജ്യത്തിൻെറ മഹത്വത്തെ ലോകരംഗത്തിൽ വളരെയധികം ഉയൎത്തുന്നതിനു സാധിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

ഡാക്കായ്ക്കടുത്തുള്ള ഒരു ഗ്രാമപ്രദേശത്തിൽ 1858 നവംബർ മുപ്പതാംതീയതി ജഗദീഷ് ചന്ദർ ജാതനായി. അക്കാലത്ത് ഒരു സബ്ഡിവിഷൻ ഓഫീസർ ആയിരുന്നു അദ്ദേഹത്തിൻെറ അച്ഛൻ ഭഗവൻബാബു. വളരെ സൂക്ഷ്മതയോടുകൂടി കുട്ടിയായ ജഗദീഷിനു പല പരിശീലനങ്ങളും നൽകുകയും, അദ്ദേഹത്തിനു ഏററവും നല്ലതാണെന്നു തോന്നിയ രീതിയിലുള്ള വിദ്യാഭ്യാസം

ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. പ്രാഥമികപഠനത്തിനായി പഴയ രീതിയിലുള്ള ഒരു പാഠശാലയിൽ അയയ്ക്കുകയും, അതിനുശേഷം ജഗദീഷ്ചന്ദ്രൻ കല്ക്കട്ടായിലുള്ള ഒരു കാളേജിൽ ചേർന്നു ബി ഏ പരീക്ഷ പാസ്സാകുകയും ചെയ്തു. ജഗദീഷിന് ഇംഗ്ലണ്ടിൽ പോയി സിവിൽ സർവ്വീസ് പരീക്ഷയ്ക്കു പഠിക്കുന്നതിനു ആഗ്രഹമുണ്ടായിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ പിതാവിന് അതു ഇഷ്ടമല്ലായിരുന്നു. ഭഗവൻചന്ദ്രബാബുവിനു അദ്ദേഹത്തിന്റെ മകനെ ഒരു ഉദ്യോഗസ്ഥനാക്കുന്നതിനെക്കാൾ ഒരു പണ്ഡിതനാക്കുന്നതിനായിരുന്നു കൂടുതൽ ഇഷ്ടമായിരുന്നത്. സയൻസ്സംബന്ധമായോ, മെഡിക്കൽ വകുപ്പിലോ ചേർന്നു പഠനം തുടരുന്നതിൽ അദ്ദേഹത്തിനു വിരോധമില്ലായിരുന്നു. യുവാവായ ജഗദീഷ് ഇംഗ്ലണ്ടിലേയ്ക്കു പോകുകയും, ലണ്ടൻ മെഡിക്കൽ കാളേജിൽ ചേർന്നു വിദ്യാഭ്യാസം തുടരുകയും ചെയ്തുവെങ്കിലും പരീക്ഷണശാലയിലെ ഗന്ധം അദ്ദേഹത്തിനു പിടിക്കാതെവരികയും ആരോഗ്യത്തെ അതു സാരമായി ബാധിക്കുകയുംചെയ്തിരുന്നതുകൊണ്ട് മെഡിക്കൽ സംബന്ധമായ അദ്ധ്യയനം അവസാനിപ്പിക്കുന്നതിന് അദ്ദേഹം നിർബ്ബന്ധിതനായി. സയൻസ് സംബന്ധിച്ച പഠിത്തം തുടരുന്നതിനായി അദ്ദേഹം കേംബ്രിഡ്ജിലേയ്ക്കു പോകുകയും, അവിടെ പ്രകൃതിശാസ്ത്രസംബന്ധമായ ഗവേഷണത്തിൽ ഒരു സ്കാളർഷിപ്പ് നേടുകയും ചെയ്തു. ലണ്ടൻ സർവ്വകലാശാലയിൽനിന്നും അദ്ദേഹം ബി. എസ്സ്സി. ബിരുദം സമ്പാദിച്ചു.

ശ്രീ: ബോസ്സ് ഇന്ത്യയിൽ വന്നുചേൎന്ന ഉടൻ തന്നെ അദ്ദേഹത്തെ കല്ക്കട്ട പ്രസിഡൻസി കാളേജിൽ സ്വതന്ത്രശാസ്ത്രവകുപ്പിന്റെ പ്രൊഫസറായി നിയമിക്കപ്പെട്ടു വൎഗ്ഗീയാടിസ്ഥാനത്തിലുണ്ടായ ചില വിഷമതകൾക്ക് ഈ സന്ദൎഭത്തിൽ അദ്ദേഹം പാത്രീഭവിച്ചു. ഇന്ത്യൻസ്വദേശിയായ ഒരു പ്രൊഫസർ ഇമ്പീരിയൽ സൎവ്വീസിൽതന്നെ ആയിരുന്നാലും ഒരു യൂറോപ്യൻ പ്രൊഫസർ അനുഭവിച്ചിട്ടുണ്ടായിരുന്ന ശമ്പളത്തിന്റെ മൂന്നിൽ രണ്ടു ഭാഗം മാത്രമേ ഒരു ഇന്ത്യാക്കാരനു ലഭിച്ചിരുന്നുള്ളു. ബോസ്സിന് ഒരു പകരം നിയമനംമാത്രമായിരുന്നതുകൊണ്ട് ഇതിന്റെയും പകുതി തുകമാത്രമെ ശമ്പളമായി പററുന്നതിനു അനുവാദമുണ്ടായിരുന്നുള്ളു. ഇങ്ങനെയുള്ള അസമത്വത്തെക്കുറിച്ച് അതിനുമുൻപു ആരുംതന്നെ പ്രതിഷേധിച്ചിട്ടില്ലാത്തവിധത്തിൽ ബോസ്സ് പ്രതിഷേധസ്വരം ഉയൎത്തുകയും അസമത്വം പരിഹരിക്കപ്പെടുന്നതുവരെ ശമ്പളം പററുന്നതല്ലെന്നു തീരുമാനിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ മൂന്നു ചുരുങ്ങിയ വൎഷക്കാലത്തെ പ്രവൎത്തനം കഴിഞ്ഞപ്പോൾ ബോസ്സിന്റെ മാഹാത്മ്യത്തെക്കുറിച്ചും അദ്ദേഹത്തിന്റെ സേവനതല്പരതയെക്കുറിച്ചും കാളേജ് പ്രിൻസിപ്പലും മററു വിദ്യാഭ്യാസാധികൃതരും മനസ്സിലാക്കുകയും അവരെല്ലാം അദ്ദേഹത്തിന്റെ ഉററമിത്രങ്ങളായിത്തീരുകയുംചെയ്തു. തുടൎന്ന് ബോസ്സിനെ സ്ഥിരപ്പെടുത്തി ഗവൎമ്മെന്റിൽനിന്നും ഉത്തരവുണ്ടാകുകയും പ്രതീക്ഷിച്ചതുപോലെ ശമ്പളം മുഴുവനും ഒന്നടങ്കം വാങ്ങിച്ചുകൊള്ളുന്നതിനു അനുവാദമുണ്ടാകുകയുംചെയ്തു.

ജഗദീഷ്ചന്ദ്രബോസ് പ്രസിഡൻസി കാളേജിൽ പ്രവേശിച്ചപ്പോഠം അദ്ദേഹത്തിന്റെ അഭിരുചിക്കനുസരണമായി ഗവേഷണങ്ങഠംക്കും നിരീക്ഷണങ്ങഠംക്കും പററിയ പരീക്ഷണശാലയോ ഉപകരണങ്ങളോ അവിടെ ഇല്ലായിരുന്നു. പല നിരന്തര സമരങ്ങഠംക്കു ശേഷം മാത്രമാണ് ഒരു ചെറിയ ലാബറട്ടറി ഉണ്ടായതു്. ശാസ്ത്രീയപുരോഗതിക്കുവേണ്ടി അദ്ദേഹം വിശ്രമരഹിതമായി പ്രവർത്തിക്കുകയും 1895 ആരംഭത്തോടുകൂടി അദ്ദേഹത്തിന്റെ ഗവേഷണഫലങ്ങളെ ആസ്പദമാക്കി അനേകം ലേഖനങ്ങഠം തുടർച്ചയായി പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. ആലക്തികതരംഗങ്ങളെ സംബന്ധിച്ച അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ 'റോയൽ സൊസൈററി'ക്കാർ അംഗീകരിക്കുകയും, അതു ശാസ്ത്രീയ പുരോഗതിയെ സാരമായി ബാധിക്കുന്നതാണെന്നഭിപ്രായപ്പെടുകയുംചെയ്തു. പ്രസ്തുത ലേഖനങ്ങളെ അവരുടെ വക പ്രസിദ്ധീകരണങ്ങളിൽ പരസ്യപ്പെടുത്തിയതുകൂടാതെ പാർലമെൻററി ഗ്രാൻറിന്റെ ഒരംശം അദ്ദേഹത്തിന പാരിതോഷികമായി സംഭാവനചെയ്തു ബഹുമാനിക്കുകയുംചെയ്തു. ജഗദീഷ്ബോസ്സിന്റെ അഭിപ്രായങ്ങഠംമുഖാന്തിരം ശാസ്ത്രത്തിൽ ഉണ്ടാകാവുന്ന അഭിവൃദ്ധിയെ ആസ്പദമാക്കി ലണ്ടൻ സർവ്വകലാശാലയിൽ നിന്നും അദ്ദേഹത്തിന് 'ഡാക്ടർ ഓഫ് സയൻസ്' എന്ന ബിരുദം നൽകി ബഹുമാനിച്ചു

പിന്നീട് ഡാക്ടർ ബോസ്സിന്റെ ശ്രദ്ധ പതിഞ്ഞതു് 'ഇലക്ട്രിക് ടെലഗ്രാഫിക്' അടയാളങ്ങഠം അന്തരീക്ഷത്തിൽകൂടി കമ്പി ഇല്ലാതെ അയയ്ക്കുന്നതി

നായിരുന്നു. അക്കാലത്തുതന്നെ ആയിരുന്നു പ്രൊഫെസർ മാർക്കോണിയും കമ്പിയില്ലാക്കമ്പിസന്ദേശങ്ങൾ അന്തരീക്ഷത്തിൽക്കൂടി അയയ്ക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നത്.

1901-ൽ ഡാക്ടർ ബോസ്സ് ലണ്ടൻ റോയൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സസ്യങ്ങളിലും ജന്തുക്കളിലും ഒരുപോലെ കാണുന്ന ചില വിശേഷങ്ങളെ സംബന്ധിച്ച് പരീക്ഷണങ്ങളുടെ സഹായത്തോടുകൂടി ധാരാളം പ്രസംഗങ്ങൾചെയ്തു. ബോസ്സിന്റെ പ്രസംഗങ്ങളെ പല പാശ്ചാത്യശാസ്ത്രജ്ഞന്മാരും അഭിനന്ദിക്കുകയും ശാസ്ത്രീയസംബന്ധമായ ഗവേഷണങ്ങൾ നടത്തുന്ന വൃത്തങ്ങളിൽ ഒരു പുതിയ ഉണർവുണ്ടാക്കുകയുംചെയ്തു. എന്നാൽ ഇംഗ്ലണ്ടിലെ ചില പ്രസിദ്ധ ജന്തുശാസ്ത്രവിദഗ്ദ്ധന്മാർ ഡാക്ടർ ബോസ്സിന്റെ അഭിപ്രായങ്ങളെ പാടേ വിഗണിക്കുകയും, അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ജന്തുശാസ്ത്രപുരോഗതിക്കു ഒരു തടസ്സം മാത്രമാണെന്നു അഭിപ്രായപ്പെടുകയും, അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ റോയൽ സൊസൈറ്റി തല്ക്കാലത്തേക്ക് തള്ളിക്കളയത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയുംചെയ്തു. എന്നാൽ അധികം കഴിയുന്നതിനുമുൻപുതന്നെ ഡാ: ബോസ്സിന്റെ അഭിപ്രായങ്ങൾ തികച്ചും ശരിയാണെന്നു അവർക്കെല്ലാം ബോദ്ധ്യമാകുകയും 1915-ൽ ചില പ്രസംഗങ്ങൾകൂടെ നടത്തുന്നതിന് 'റോയൽ സൊസൈറ്റി'ക്കാർ വീണ്ടും വീണ്ടും അദ്ദേഹത്തെ ക്ഷണിക്കുകയുംചെയ്തു. പ്രസ്തുത സന്ദർഭ

ത്തിൽ പല പ്രസിദ്ധപാശ്ചാത്യശാസ്ത്രജ്ഞരും ഡാ ബോസ്സിൻെറ അഭിപ്രായഗതികളെ സശ്രദ്ധം ശ്രവിക്കുകയും, ഇന്ത്യയിൽതന്നെ നിർമ്മിച്ച ചില ഉപകരണങ്ങളുടെ സഹായത്തോടുകൂടി അദ്ദേഹം നടത്തിയ പരീക്ഷണങ്ങളിൽനിന്നും 'ജീവൻ' എന്നതിൻെറ തത്വം ഏകമാണെന്ന അവർക്ക് ബോദ്ധ്യമാകുകയുംചെയ്തു. അക്കാലത്ത് യൂറോപ്പിലും അമേരിക്കയിലുമുള്ള പല വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ക്ഷണനങ്ങൾ സ്വീകരിക്കുന്നതിനും യൂറോപ്പിൻെറയും അമേരിക്കയുടെയും പല ഭാഗങ്ങളിലും സഞ്ചരിച്ച് ധാരാളം പ്രസംഗങ്ങൾ ചെയ്യുന്നതിനുമുള്ള അവസരം അദ്ദേഹത്തിനു ലഭ്യമാകുകയുംചെയ്തു. അദ്ദേഹം തൻെറ ലോകപര്യടനം കഴിഞ്ഞു ഇന്ത്യയിലേയ്ക്കു മടങ്ങിവന്നപ്പോൾ കല്ക്കട്ടാ സർവ്വകലാശാലയും ഡാക്ടർ ഓഫ് സയൻസ് എന്ന ബിരുദം നൽകി അദ്ദേഹത്തെ സ്വീകരിച്ചു ബഹുമാനിച്ചു.

ഡാ: ബോസ്സിൻെറ കണ്ടുപിടിത്തങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നത് സസ്യങ്ങളുടെയും ജന്തുക്കളുടെയും 'ജീവൽതന്തു'തത്വങ്ങളെ വേർതിരിച്ചുകാണിക്കത്തക്കവിധത്തിലുള്ള പ്രധാന വ്യത്യാസങ്ങൾ ഇല്ലെന്നുള്ളതാണ്. അദ്ദേഹത്തിൻെറ പുതിയ ഗവേഷണത്തിൻെറ വിജയം സ്ഥിതിചെയ്യുന്നത് അസാധാരണമായ രീതിയിൽ ജീവചൈതന്യത്തെ വളരെ വേഗത്തിൽ അടയാളപ്പെടുത്തുന്ന "റെസൊണൻറ് റെക്കോർഡർ" എന്ന ഉപകരണത്തിൻെറ കണ്ടുപിടിത്തത്തിലാണ്. പ്രസ്തുത ഉപകരണത്തിൻെറ സഹായത്തോടു

കൂടി സസ്യങ്ങളുടെ ജീവചൈതന്യത്തെയും, ഉന്മത്തതയെയും കണ്ടുപിടിക്കുന്നതിന് സാദ്ധ്യമാകുന്നതാണ്. ഡോ: ബോസ്സിന്റെ ഗവേഷണങ്ങളും പരീക്ഷണങ്ങളും കൊണ്ട് ജന്തുക്കൾക്കുമാത്രമുള്ളതെന്നു ലോകം ധരിച്ചിരുന്ന പല സ്വഭാവവിശേഷങ്ങളും സസ്യങ്ങൾക്കും ഉള്ളതാണെന്നുള്ള പരമാർത്ഥം വെളിച്ചത്തിൽ വന്നിട്ടുണ്ട്. ഉന്മത്തതയുണ്ടാക്കുന്ന ദ്രാവകങ്ങൾ ജന്തുക്കളിലും സസ്യങ്ങളിലും ഒരേ അനുഭവത്തെയാണ് ഉളവാക്കുന്നത്. ലോകത്തിലെ പരിഷ്കൃതജനങ്ങളോടൊപ്പം രാത്രി പന്ത്രണ്ടു മണിമുതൽ രാവിലെ എട്ടു മണിവരെ വൃക്ഷങ്ങളും ഉറങ്ങുന്നുണ്ടെന്നു ഡോ: ബോസ്സ് തെളിയിച്ചിട്ടുണ്ട്. ഡോ: ബോസ്സിന്റെ ഗവേഷണഫലങ്ങൾ ഇപ്പോഴും ശൈശവത്തിലാണെങ്കിലും, ജന്തുശാസ്ത്രത്തിലും, ശരീരശാസ്ത്രത്തിലും, കൃഷിശാസ്ത്രത്തിലും ഭാവിയിൽ വലിയ പുരോഗതി ഉണ്ടാകുന്നതാണെന്ന് നമുക്കു ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്.

ഒരു സ്ഥലത്തുനിന്നും മററൊരു സ്ഥലത്തേക്ക് ഒരു ചെടിയെ അതിന്റെ പരിപൂർണ്ണ ആരോഗ്യത്തോടുകൂടി മാററി നട്ടുവളർത്തുന്നതിൽ ഡോ: ബോസ്സ് വിജയിച്ചിട്ടുണ്ട്. ഒരു ചെടിയെ ബോധരഹിതമാക്കുന്നതുമൂലം പിഴുതെടുക്കുമ്പോൾ ഉണ്ടാകാറുള്ള ഞെട്ടൽ ചെടിക്ക് അനുഭവപ്പെടാതാകുകയും, മററൊരു സ്ഥലത്തു നട്ടുമ്പോൾ അതു് പൂർണ്ണാരോഗ്യത്തോടുകൂടി വളരുകയും ചെയ്യുന്നു.

ഡാ: ബോസ്സ് സ്ഥാപിച്ചിട്ടുള്ള ഗവേഷണശാല അദ്ദേഹത്തിന്റെ മഹത്വത്തിന്റെ ഓർമ്മക്കുറിപ്പായി നിലനില്ക്കുന്നതാണ്. നമ്മുടെ കലാശാലകളിൽ ഗവേഷണപ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം വളരെ മോശമായ രീതിയിലാണെന്ന് അദ്ദേഹം മനസ്സിലാക്കിട്ടുണ്ട്. ഇന്ത്യൻവിദ്യാർത്ഥികൾ ഫലപ്രദങ്ങളായ ഗവേഷണങ്ങൾ ഇവിടെത്തന്നെ നടത്തി വിദേശീയരെ ഇന്ത്യയിലേക്ക് ആകർഷിക്കണമെന്നും, ശാസ്ത്രപഠനത്തിനായി നമ്മുടെ വിദ്യാർത്ഥികൾ വിദേശങ്ങളിലേയ്ക്കു പോകുന്ന പതിവു നിറുത്തലാക്കണമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

ഇന്ത്യാചരിത്രത്തിൽ ഡാ: ബോസ്സിന്റെ നാമം നിലനില്ക്കുകതന്നെ ചെയ്യും. ശാസ്ത്രഗവേഷണത്തിൽ ഇന്ത്യാക്കാരുടെ ബുദ്ധിശക്തിയേയും നിരീക്ഷണപാടവങ്ങളേയും കാണിക്കുന്ന ഉത്കൃഷ്ടോദാഹരണങ്ങളായി ഡാ: ബോസ്സിന്റെ പ്രവർത്തനങ്ങൾ ശോഭിക്കുന്നതാണ്

# ഡാക്ടർ പി. സി. റേ

മാതൃകാരാജ്യത്തെ അടിമത്വത്തിൽനിന്നു രക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യസമരത്തിലും രാജ്യതന്ത്രത്തിലും ഭാരതം ലോകത്തിനു മാതൃകയായിത്തീർന്നിട്ടുള്ളതുപോലെതന്നെ ശാസ്ത്രീയമായും കലാപരമായും പുതിയ പുതിയ അറിവുകൾ നല്കുന്നതിനും ഭാരതം എപ്പോഴും ലോകശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. ഡാക്ടർ പി. സി. റേ-യുടെ അതിശയകരങ്ങളായ നിരീക്ഷണങ്ങളും അത്ഭുതകരമായ കണ്ടുപിടിത്തങ്ങളും ഹേതുവായി ലോകദൃഷ്ടി ജ്ഞാനസമ്പാദനാർത്ഥം പഴയതുപോലെ ഒരിക്കൽ കൂടി ഭാരതത്തിൽ പതിക്കേണ്ടിവന്നിട്ടുണ്ട്. സർ ജെ. സി. ബോസ്സ് ഭൗതികശാസ്ത്രത്തിൽ അത്ഭുതകരങ്ങളായ

നിരീക്ഷണങ്ങളും നടത്തി പണ്ഡിതന്മാരുടെ ശ്രദ്ധയെ ആകർഷിച്ചു. ഡാക്ടർ റേ-യാകട്ടെ രസതന്ത്രശാസ്ത്രത്തിൽ ഗവേഷണങ്ങളും നടത്തുകയും, ശാസ്ത്രലോകം ഇൻഡ്യയെ ഒരിക്കലും വിസ്മരിക്കാത്ത നൂതനങ്ങളായ അറിവുകൾ ലോകരംഗത്തിൽ കാഴ്ചവയ്ക്കുകയും ചെയ്തു.

ഡാക്ടർ പ്രഫുല്ലചന്ദ്രറേ ബംഗാളിൽ ജസ്സൂർ ഡിസ്ട്രിക്ടിൽപ്പെട്ട ഒരു പ്രസിദ്ധ ജമിൻദാർകുടുംബത്തിൽ ജാതനായി. അദ്ദേഹത്തിന്റെ പ്രാഥമികവിദ്യാഭ്യാസം ജസ്സൂരിൽത്തന്നെ കഴിച്ചുവെങ്കിലും തുടർന്നു പഠിക്കുന്നതിന്നു യോജ്യമായ പാഠശാലകൾ അവിടെ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ സംസ്കാരസമ്പന്നനായ പിതാവ് കൽക്കട്ടാ പട്ടണത്തിൽ വേണ്ട എല്ലാ സൗകര്യങ്ങളും ഉണ്ടാക്കുകയും, 1807-ൽ കുട്ടികളുടെ വിദ്യാഭ്യാസാർത്ഥം ജമിൻദാർകുടുംബം കൽക്കട്ടായിലേയ്ക്കു മാററപ്പെടുകയും ചെയ്തു. ഒരു ഉത്കൃഷ്ടകുടുംബത്തിനു യോജിച്ച എല്ലാവിധത്തിലുമുള്ള സൗകര്യങ്ങളുടെയും ലാളനകളുടെയും മദ്ധ്യത്തിലാണ് മി: റേ വളർന്നുവന്നതെങ്കിലും കൂട്ടുകാരുമായി സമയം ആവശ്യമില്ലാതെ ചെലവഴിക്കുകയോ, മററു വിനോദങ്ങളിൽ ഏർപ്പെടുകയോ ചെയ്യാതെ പഠനവിഷയത്തിൽ മുഴുവൻ ശ്രദ്ധയും പതിച്ചുവന്നു. മി: റേയുടെ ബാല്യകാലത്തു് അദ്ദേഹം ക്ലാസ്സുകളിലേയ്ക്കു് ആവശ്യമുള്ളതും അറിവുസമ്പാദനത്തിനുതകുന്നതുമായ മററു പുസ്തകങ്ങളും പാരായണം ചെയ്യുന്നതിൽ അതീവതല്പരനായിട്ടാണു കണ്ടുവന്നതു്. മി: റേയുടെ സ്വന്തം ജീവിതം ശോഭനമായ ഒന്നുതന്നെ ആയി

ന്നു. സാധാരണ വിദ്യാർത്ഥികളെ ധൈര്യപ്പെടുത്താറുന്ന തോൽവി എന്നുള്ളത് അദ്ദേഹത്തിന്റെ വിദ്യാർത്ഥിജീവിതത്തിൽ ഉണ്ടായിട്ടില്ല. സാമാന്യവിദ്യാഭ്യാസം കല്ക്കത്തായിൽ കഴിച്ചശേഷം ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിൽ പോയി ബി എസ്സ്‌സി ഡിഗ്രി പരീക്ഷയ്ക്കു പഠിക്കുന്നതിനായി എഡിൻബറോ സർവ്വകലാശാലയിൽ ചേർന്നു അവിടെ പഠിച്ചുകൊണ്ടിരുന്നപ്പോൾ "ഇൻഡ്യാ" ശിപായിലഹളയ്ക്കുമുമ്പും അതിനുശേഷവും എന്നുള്ള വിഷയത്തെ ആസ്പദമാക്കി നടന്ന ഉപന്യാസമത്സരപ്പരീക്ഷയിൽ പങ്കുകൊള്ളുകയും, അദ്ദേഹത്തിന്റെ ഉപന്യാസത്തിന് ഒന്നാംസമ്മാനത്തിനർഹമായിത്തീരുകയും ചെയ്തു. ഇൻഡ്യയുടെ സാമുദായികമായും രാഷ്ട്രീയമായും സാമ്പത്തികമായുമുള്ള വിവിധ വശങ്ങളെ പ്രതിപാദിച്ചു രചിക്കപ്പെട്ടിരുന്ന ആ ലേഖനം അക്കാലത്തുതന്നെ ഇംഗ്ലീഷുകാരുടേയും ഇൻഡ്യാക്കാരുടേയും ശ്രദ്ധയെ ഒരുപോലെ ആകർഷിച്ചിരുന്ന ഒന്നായിരുന്നു. ഇതിൽനിന്നും മി: റേ എത്രയോ സൂക്ഷ്മബുദ്ധിയോടുകൂടിയാണ് ഇൻഡ്യാചരിത്രം പഠിച്ചിരുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്നും സാധാരണ പ്രതീക്ഷിക്കാത്ത രീതിയിൽ സാഹിത്യരസം തുളുമ്പുന്ന വാചകങ്ങൾകൊണ്ട് സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങൾ ഉദ്ധരിച്ചും അനേകം ലേഖനങ്ങൾ ഇംഗ്ലീഷ് പത്രപംക്തികളിൽ പ്രസിദ്ധപ്പെടുത്തി തന്റെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദാഹത്തെ അദ്ദേഹം പ്രകടി

പ്പിച്ചിരുന്നു. വിദ്യാഭ്യാസകാലത്ത് രാഷ്ട്രതന്ത്രങ്ങളിൽ
അദ്ദേഹം ശ്രദ്ധിച്ചിരുന്നുവെങ്കിലും ഭാരതത്തിന്റെ
ഭാഗ്യത്തിലേക്കാൾകൊണ്ട് രസതന്ത്രശാസ്ത്രത്തിലുണ്ടായി
രുന്ന അദ്ദേഹത്തിന്റെ അഭിരുചിക്ക് യാതൊരു മാറ്റവും
സംഭവിച്ചില്ല. എഡിൻബറോ സർവ്വകലാശാല അദ്ദേ
ഹത്തിന് ഡാക്ടർ ഓഫ് സയൻസ് എന്ന ഉന്നത
ബിരുദം നൽകി ബഹുമാനിക്കുകയും, അദ്ദേഹം മറ്റു
ദേശങ്ങളെല്ലാം മടങ്ങുകയുംചെയ്തു ഇൻഡ്യയിൽ വന്ന
ചേർന്ന് അധികം കഴിയുന്നതിനുമുമ്പുതന്നെ കല്ക്കത്താ
പ്രസിഡൻസി കാളേജിൽ ഒരു പ്രൊഫസർ ഉദ്യോഗം
സ്വീകരിക്കുകയും, അദ്ദേഹം രസതന്ത്രശാസ്ത്രം സംബ
ന്ധിച്ച പരീക്ഷണങ്ങളും ഗവേഷണങ്ങളുമായി
മുഴുവൻ ശ്രദ്ധയും പതിപ്പിക്കുകയുംചെയ്തുകൊണ്ടിരുന്നു.
അങ്ങനെ ഉദ്യോഗസ്വീകരണത്തിന് അദ്ദേഹത്തെ
പ്രേരിപ്പിച്ച പ്രഥമവും പ്രധാനവുമായിരുന്ന കാരണം
അതായിരുന്നു. അദ്ദേഹം കഠിനമായി അദ്ധ്വാനിച്ചു.
1901-ൽ പ്രസിഡൻസി കോളേജിലെ ഗവേഷണങ്ങൾ
എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. പ്രസ്തു
ത പ്രസിദ്ധീകരണംമൂലമായിരം ലോകത്തിലെ ശാസ്ത്രീ
യപുരോഗതിക്ക് ഉപയുക്തങ്ങളായ അനേകം പുതിയ
അറിവുകൾ ലോകത്തിനു കാഴ്ചവയ്ക്കുകയും, അതിനെ
ജർമ്മനി, ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങ
ളിലെ ശാസ്ത്രജ്ഞന്മാർ അംഗീകരിക്കുകയും, അന്നുമുതൽ
ഇൻഡ്യൻശാസ്ത്രജ്ഞന്മാർ എന്നുള്ള നാമധേയം ഇദ്ദേ
ഹത്തിനു ലഭിക്കുകയുംചെയ്തു. 1904-ൽ ബംഗാൾ

ഗവണ്മെന്റ് അദ്ദേഹത്തെ യൂറോപ്യൻരാജ്യങ്ങളിലുള്ള വിവിധ "ലാബോറട്ടറികൾ" സന്ദർശിച്ചുവരുന്നതിനായി നിയോഗിക്കുകയും, പാശ്ചാത്യപണ്ഡിതന്മാർ ഇന്ത്യൻ ശാസ്ത്രജ്ഞനെ വളരെ സന്തോഷത്തോടുകൂടി സ്വാഗതമരുളുകയുംചെയ്തു. വിമർശനബുദ്ധിയോടുകൂടിയ ഡാക്ടർ റേയും പ്രായോഗികമല്ലാത്തിടവും ടെസ്റ്റ് ട്യൂബ് പരീക്ഷണങ്ങൾകൊണ്ടും ക്ലാസ്സിൽ എഴുതാനും കൊള്ളാവുന്ന തത്വങ്ങൾകൊണ്ടും സമയാനപ്പുറം ഒന്നാലോചിച്ചതിന്റെ ഇംഗ്ലീഷ് ഔഷധങ്ങൾക്കു തുല്യമായ ... ക്കൂടെ നിഷ്പ്രയാസമായി നിർമ്മിക്കാൻ കഴിയാവുന്ന സ്വതന്ത്രമുള്ള ജനങ്ങൾക്കുവേണ്ടി പട്ടിണിക്കാരായ ഭാരതീയകൃഷിവലന്മാർക്ക് അനേകകോടി രൂപാ ആണ്ടുതോറും പാശ്ചാത്യകമ്പോളങ്ങളിൽ ഒടുക്കേണ്ടതിനെപ്പറ്റി അദ്ദേഹം ചിന്തിക്കുകയും. പ്രസ്തുത സാധനങ്ങൾ കഴിയുന്നിടത്തോളം ബംഗാളിൽതന്നെ ഉല്പാദിപ്പിക്കുന്നതിന് തീരുമാനിക്കുകയുംചെയ്തു. അനേകം സാധുജനങ്ങളായ പരുഷന്മാർക്ക് ഉപജീവനമാർഗ്ഗം ഉണ്ടായിരിക്കത്തക്കവിധത്തിലും ബംഗാൾ കെമിക്കൽസ് എന്ന നാമധേയത്തിൽ രണ്ടും ആയിരം രൂപാ മാത്രം മൂലധനത്തോടുകൂടി ഒരു പ്രസ്ഥാനം ആരംഭിക്കുകയും. ഇപ്പോൾ അതു അനേകം കോടി പ്രവർത്തനമുള്ള ഒരു വ്യവസായമായി തീർന്നിരിക്കുകയുംചെയ്തു. ഡാക്ടർ പി. സി. റേ-യുടെ അത്ഭുതകരമായ അദ്ധ്വാനശീലത്തിന്റെയും സാമർത്ഥ്യത്തിന്റെയും മഹത്തായ ഒരുദാഹരണമാണ്", പ്രസി

മായിത്തീർന്നിട്ടുള്ള "ഭാരതീയ" രസതന്ത്രശാസ്ത്രചരിത്രം എന്ന പേരിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥരത്നം. പ്രസ്തുത പുസ്തകത്തിൽ അനേക വർഷങ്ങൾക്കുമുൻപുമുതലുള്ള ഇൻഡ്യൻ ശാസ്ത്രജ്ഞന്മാരുടെ പ്രവൃത്തനങ്ങളെ വിവരിക്കുകയും, പഴയകാലങ്ങളിലും ഭാരതം ലോകത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു രസതന്ത്രവിഷയത്തിൽ വളരെ അഭിവൃദ്ധിയെ പ്രാപിച്ചിരുന്നുവെന്നും കാര്യകാരണസഹിതം തെളിയിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രസിദ്ധീകരണത്തെ എല്ലാ "സയൻറിഫിക്ക്" വാരികകളും സ്വാഗതംചെയ്യുകയും ശാസ്ത്രീയഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ അതു് ഒരു ഗ്രന്ഥരത്നമാണെന്നു അഭിപ്രായപ്പെടുകയുംചെയ്തിട്ടുണ്ടു്.

1912-ൽ ബ്രിട്ടീഷ് സാമ്രാജ്യത്തിലുള്ള എല്ലാ സർവ്വകലാശാലകളുടേയും ഏകോപിച്ചുള്ള ഒരു സയൻസ് കോൺഗ്രസ്സ് ഇംഗ്ലണ്ടിൽവെച്ചു നടത്തപ്പെട്ടു. അക്കാലത്തു് വിഖ്യാതരായിട്ടുള്ള ശാസ്ത്രജ്ഞന്മാരിൽ അധികംപേരും സമ്മേളിച്ചിരുന്ന ആ വമ്പിച്ച യോഗത്തിൽ സർവ്വകലാശാലയുടെ പ്രതിനിധിയെന്നുള്ള നിലയിൽ സംബന്ധിക്കുന്നതിനുള്ള ഭാഗ്യം ഡാക്ടർ പ്രഫുല്ലചന്ദ്രറായ്ക്കുണ്ടായി.

1916-ൽ സയൻസ്വിഷയങ്ങൾ പഠിക്കുന്നതിനു വേണ്ടിമാത്രം ഒരു പ്രത്യേക കാളേജ് കല്ക്കട്ടാ സർവ്വകലാശാലാധികൃതർ ഏർപ്പെടുത്തുകയും, ഡാക്ടർ പി. സി. റേ രസതന്ത്രത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കു

കയും ചെയ്തു. അദ്ദേഹം എപ്പോഴും വിദ്യാർത്ഥിലോകത്തിന്റെ അഭ്യുദയകാംക്ഷിയും ആത്മമിത്രവുമായിരുന്നിട്ടുണ്ട്. ഖദ്ദർപ്രചരണവിഷയത്തിൽ മഹാത്മാഗാന്ധി കഴിഞ്ഞാൽ അടുത്ത സ്ഥാനം കരസ്ഥമാക്കീട്ടുള്ള അദ്ദേഹത്തിന്റെ നാമധേയം എന്നും നിലനില്ക്കുകതന്നെ ചെയ്യും.

## ജീവിതമത്സരം

പ്രകൃതിയുടെ എല്ലാ രംഗങ്ങളിലും ജീവിതമത്സരം നടക്കുന്നുണ്ട്. വളരെ സൂക്ഷിച്ചു നിരീക്ഷിക്കുന്നപക്ഷം പക്ഷിമൃഗാദികളിൽ മാത്രമല്ല, സസ്യജാലങ്ങളിലും ജീവിതമത്സരം നടക്കുന്നതായി കാണുവാൻ കഴിയും. കരയിലും വെള്ളത്തിലും വായുവിലും മത്സരം നടക്കുന്നുണ്ട്. ചില ചെടികളും വൃക്ഷങ്ങളും മറ്റു ചെടികളുടെയും വൃക്ഷങ്ങളുടെയും ഇടയ്ക്കുനിന്നും വളഞ്ഞു വളഞ്ഞ് ഒഴിഞ്ഞുമാറി വായുവും വെളിച്ചവും ലഭിക്കുന്നതിനു നടത്തുന്ന ശ്രമം അതിനെ സംബന്ധിച്ചു സൂക്ഷിച്ചുകൊണ്ടിരിക്കുന്നവർ മനസ്സിലാക്കുന്നതിനു പ്രയാസമില്ല.

ജന്തുലോകത്തിൽ ജീവിതമത്സരം കുറച്ചുകൂടെ വ്യക്തമായി കാണുവാൻ സാധിക്കുന്നതാണ്. ചില ജന്തുക്കൾ വളരെ കൗശലം ഉപയോഗിച്ചു മററു ജന്തുക്കളെ പിടിച്ചു ഭക്ഷിക്കുന്നു. മററു ജന്തുക്കൾക്ക് ഇരയായിത്തീരേണ്ടിവരുമെന്നു ഭയപ്പെടുന്ന ജന്തുക്കൾ അവകളുടെ ശത്രുക്കളിൽനിന്നും വളരെ തന്ത്രപരമായി രക്ഷപെട്ടു ജീവിക്കുന്നതിനു ശ്രമിക്കുന്നു. തവളയെ ചേര ഓടിച്ചുപിടിക്കുന്നു. ചേരയുടെ വായിൽ നിമിഷം കാത്തുകഴിയുന്ന തവള ഈച്ചയെ പിടിക്കുന്നതായി കാണുവാൻകഴിയും. ജീവിതത്തിനുവേണ്ടിയുള്ള മത്സരം!

ബുദ്ധിശക്തിയും വിവേകവുമുള്ള മാനവലോകത്തിലേയ്ക്കു കടക്കുമ്പോൾ ബുദ്ധിയും കഴിവും വിവേകവും മററും തന്ത്രപരമായും നയതന്ത്രത്തോടുകൂടിയും ജീവിതമത്സരം നടക്കുന്നതായി കാണാം. മനുഷ്യൻ രാഷ്ട്രീയമായും ശാസ്ത്രീയമായും കൂടുതൽ മുൻപോട്ടു പോകുന്തോറും ജീവിതമത്സരത്തിനും തീക്ഷ്ണത കൂടുന്നതാണ്. ലോകം പല പുതിയ പുതിയ അടവുകളിലും തന്ത്രങ്ങളിലുംകൂടി ആയിരിക്കും മുൻപോട്ടു പോകുന്നത്. അതാതുകാലത്തെ പരിതസ്ഥിതികൾക്കൊത്തു പുരോഗമിക്കാത്ത വ്യക്തി ജീവിതായോധനത്തിൽ തോററുപോകുന്നതാണ്. നമ്മുടെ ചുററുപാടിൽ ഒരുകാലത്തു മിടുമിടുക്കന്മാരെന്നു പേരെടുത്തിരുന്ന പലർ കാലാന്തരത്തിൽ ശാരീരികമായും മാനസികമായും സാമ്പത്തികമായും അധഃപതിച്ചു ജീവിതത്തിന്റെ ഒടുവിലത്തെ രംഗങ്ങളിൽ വളരെ കഷ്ടപ്പെട്ടു ജീവിതമവസാനിപ്പിച്ചിട്ടുള്ളവരെ നമുക്ക

ലാക്കുവാൻകഴിയും. ഇത്തരക്കാരുടെ ജീവിതചരിത്രം വളരെ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം അവരുടെ ജീവിതമത്സരമാകുന്ന പോരാട്ടത്തിൽ ബുദ്ധിപൂർവ്വമല്ലാതെയും ആലോചിക്കാതെയും തന്ത്രപരമല്ലാത്ത ഒന്നോ ഒന്നിലധികമോ നീക്കങ്ങൾകാരണമായിട്ടായിരുന്നു തോൽവിയുണ്ടായതെന്നു മനസ്സിലാക്കുവാൻസാധിക്കുന്നതാണ്. ജീവിതം തോൽവിയിലേക്കാണു നീങ്ങുന്നതെന്നു മനസ്സിലാക്കിയാൽ ഗതി മാററി സമയമില്ല പരിഹാരം കാണേണ്ടതാണ്. നമ്മുടെ പരിചയത്തിൽ മായന്മാരെന്നു വിചാരിച്ചിരുന്ന ചിലർ പില്ക്കാലത്തു ജീവിതവിജയികളായി ശോഭിക്കുന്നതു കാണുവാൻ സാധിക്കുന്നതാണ്. ഇവരുടെ ജീവിതചരിത്രം പരിശോധിച്ചാൽ തന്ത്രപരമായി സഹനശക്തിയോടുകൂടിയുള്ള നിശ്ചയവും ഉത്സാഹശീലവുമാണ് അവരെ വിജയത്തിൽ എത്തിച്ചതെന്നു കാണുവാൻ സാധിക്കും. വിവിധരംഗത്തിൽ വിജയിച്ചിട്ടുള്ളവരുടെയും അല്ലാത്തവരുടെയും ജീവിതചരിത്രം മനസ്സിലാക്കുന്നതു ജീവിതവിജയത്തിനു സഹായമായിത്തീരുന്നതാണ്.

നമ്മുടെ ജീവിതവും ജീവിതത്തിലെ ജയാപജയങ്ങളും ഒരു ചതുരംഗമത്സരത്തിലെ ജയത്തെയോ തോൽവിയെയോ ആശ്രയിച്ചതായിരിക്കും എന്നു വിചാരിക്കപ്പെടുന്നപക്ഷം പ്രസ്തുത കളിയിൽ അഭ്യസിച്ചിരിക്കേണ്ടതു്. നാം ഓരോരുത്തരുടെയും ഒഴിച്ചുകൂടുവാൻപാടില്ലാത്ത ഒരു ചുമതലയായി കരുതപ്പെടുന്നതും അഭ്യസിക്കുന്നതും ആണ്. അപ്പോൾ ചതുരംഗം ശാസ്ത്രീയമായും

വളരെ വേഗം മനസ്സിലാകത്തക്കതുമായ പല ഗവേഷണങ്ങളും. മനുഷ്യൻ അതുസംബന്ധിച്ച നടത്തുന്നുള്ളമാണു്. കുട്ടിക്കാലംമുതൽ അതു പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും വിമുഖത കാണിക്കുന്ന മാതാപിതാക്കളെ അപ്പോൾ കുററക്കാരായി ഗണിക്കപ്പെട്ടന്നതുമാണു്. ഓരോ രാജ്യത്തിലെ ഗവണ്മെൻറുകളും അതിനു വലിയ പ്രോത്സാഹനങ്ങളും നൾകും. ഈ ജനകീയയുഗത്തിൽ അതിനുവേണ്ടിമാത്രം ഒരു മന്ത്രിയും ആവശ്യമുള്ള മററുദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കുകയും ചെയ്യും. ചതുരംഗക്കളി പഠിപ്പിക്കുന്നതിനു അദ്ധ്യാപകന്മാരായി ധാരാളം ആളുകൾ മുന്നോട്ടുവരികയും ചെയ്യും. അതു പഠിപ്പിക്കുന്ന അദ്ധ്യാപകന്മാൎക്കു വല്ല അവശതകളും ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി അവർ പണിമുടക്കും, എന്നു ശബ്ദിച്ചാൽമാത്രം മതി, ഗവണ്മെൻറുകളും രക്ഷകർത്താക്കളും വിദ്യാൎത്ഥികളും എല്ലാം ഭയപ്പെടും. ചതുരംഗക്കളിയും അതിന്റെ നിയമങ്ങളും പഠിക്കാത്ത യാതൊരു വ്യക്തിയും ഭൂമുഖത്തിൽ കാണുകയുമില്ല.

എന്നാൽ ഓരോ സ്ത്രീയുടെയും പുരുഷൻെറയും ജീവിതവും അതിലെ ജയവും തോൽവിയും സുഖവും ദുഃഖവുമെല്ലാം ചതുരംഗക്കളിയേയും അതിൻെറ നിയമങ്ങളേയുംകാൾ പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഏററവും വലിയ പ്രയാസമുള്ള ഒരു കളിയെ സംബന്ധിച്ചും അതിൻെറ നിയമാവലികൾ അതിലേയ്ക്കുവേണ്ടി ആരായുന്നതിനെ ആശ്രയിച്ചും ആയിരിക്കുന്നു

താണ്. മനുഷ്യനുണ്ടായിട്ട് ഏത്രയോ കോടി വർഷ
ങ്ങൾ കഴിഞ്ഞിരിക്കുമെന്നു സൂക്ഷ്മമായി പറയത്തക്ക
യാതൊരു ചരിത്രരേഖകളും നാളിതുവരെ നമുക്കു ലഭി
ച്ചിട്ടില്ല. ഏതായാലും മനുഷ്യനുണ്ടായകാലംമുതൽ ഇ
ന്നുവരെ ദേശകാലവ്യത്യാസങ്ങൾ ഇല്ലാതെ ഒരു കളി
നടന്നുകൊണ്ടിരിക്കുന്നു. ഇനിയും നടക്കുകയും ചെയ്യും.
കളി എന്നു പറയുന്നതു ജീവിതമത്സരമാകുന്ന ഏറ്റവും
വലിയ കളിയും, അതിന്റെ കളിസ്ഥലം ഈ ഭൂമിയും
അതിലുള്ള കരുക്കൾ ലോകാന്തരീക്ഷത്തിൽ കാണുന്ന
സർവ്വചരാചരങ്ങളും, അതിന്റെ ചട്ടങ്ങൾ പ്രകൃതിനിയ
മങ്ങളും ആകുന്നു. ഒരു മത്സരം എന്നു പറയുമ്പോൾ
കളിക്കുന്ന ആളിനു എതിരായി കളിക്കുന്ന മറ്റൊരാൾ
ഉണ്ടായിരിക്കണമല്ലോ. അയാൾ എപ്പോഴും നമ്മിൽ
നിന്നും മറഞ്ഞുനിന്നു കളിക്കുന്നു. പക്ഷേ ഒരു സംഗതി
തീർച്ചയാണ്. അയാൾക്കു ഒളിച്ചുകളി ഇല്ല. അയാൾ
എപ്പോഴും പ്രതിപക്ഷബഹുമാനത്തോടുകൂടിയും, വളരെ
ശാന്തിയായിട്ടും നീതിബോധത്തോടുകൂടിയും നിയമങ്ങളെ
ലംഘിക്കാതെയും സമാധാനത്തോടുകൂടിയും ആയിരിക്കും
നമ്മോടു മത്സരത്തിൽ ഏർപ്പെടുന്നതു്. ബുദ്ധിപൂർവ്വ
മായും സഹനശക്തിയോടുകൂടിയും ഉത്സാഹവാനായും
കളിക്കുന്നവർ ജയിക്കുന്നു. ആലോചിക്കാതെ അല
സനായി കളിക്കുന്നവർ തോല്ക്കുന്നു.

പലതരത്തിലുള്ള വിദ്യകളേയും മനുഷ്യൻ അഭ്യ
സിക്കുന്നു. ഇതെല്ലാം ജീവിതവിജയത്തിനുവേണ്ടിയാ
ണ്. ആധുനികയുഗത്തിൽ വിദ്യ അഭ്യസിക്കുന്നതിനു

വേണ്ടിമാത്രം വിദ്ദ്യാഭ്യാസം ചെയ്യുന്ന വല്ല വ്യക്തിയും കാണുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉണ്ടെങ്കിൽതന്നെ വളരെ അപൂർവ്വമായിരിക്കും. വിദ്ദ്യാഭ്യാസം എന്നു പറയുന്നതു് ജീവിതയുദ്ധമാകുന്ന മഹാമത്സരത്തിലെ നിയമങ്ങളെ മനസ്സിലാക്കുകയും അതിൽ വിജയിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ ആരായുകയുമാണു്. അതായതു് പ്രകൃതിതത്വങ്ങൾക്കനുയോജ്യമായി പ്രകൃതിയുടെ ശക്തിവിശേഷങ്ങളെ മനസ്സിലാക്കി നിയമത്തിനുള്ളിൽ നിന്നു വ്യതിചലിക്കാതെ ഒരോന്നുമായിട്ടും ഇണങ്ങിയും ഒത്തൊരുമിച്ചും പോയി വിജയിക്കത്തക്ക വിധത്തിൽ വ്യക്തിയേയോ വ്യക്തികളേയോ പരിചയിപ്പിക്കുകയെന്നുള്ളതാണു്. ഈ തത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എല്ലാ വിദ്യാപദ്ധതികളേയും പരിശോധിക്കേണ്ടതു്. ഇങ്ങനെയുള്ള പരിശോധനയിൽ പരിഗണന ലഭിക്കാത്ത പദ്ധതികൾ വിദ്ദ്യാഭ്യാസമെന്ന പദം എന്തുദ്ദേശത്തോടുകൂടി വ്യവഹരിക്കപ്പെട്ടുന്നുവോ ആ ഉദ്ദേശസാദ്ധ്യത്തിനു പര്യാപ്തമല്ലാതാകുന്നു.

സ്വല്പം ചിന്തിക്കുന്നപക്ഷം ഏതൊരുജീവിയും ലോകത്തിൽ അറിവില്ലാത്തവരായി ഒരു ക്ഷണംതന്നെ ഭൂതലത്തിൽ ജീവിക്കുന്നില്ലെന്നു പറയാം. അറിവില്ലാത്തവനായി അഞ്ചു നിമിഷംപോലും ജീവിക്കുന്നതിനു സാദ്ധ്യമല്ല. ഇന്ദ്രിയങ്ങൾവഴിയായി മനുഷ്യന് അറിവു നൽകുന്ന വിഷയത്തിൽ പ്രകൃതി അര നിമിഷംപോലും അമാന്തം കാണിക്കുന്നില്ല. ദുഃഖവും, ആനന്ദവും എന്തെങ്കിലും

പ്രവൎത്തിക്കുന്നതിനോ, മറ്റൊന്നിനെയെങ്കിലും ഒഴിച്ചു നിറുത്തുന്നതിനോ പഠിപ്പിക്കുന്നു. ഇത്തരത്തിലുള്ള അറിവുകൾ എല്ലാം ജീവിതമത്സരത്തിൽ മനുഷ്യനെ സഹായിക്കുന്നു. അലസമായും തക്കസമയത്തു തനിക്കു ലഭിച്ചിട്ടുള്ള അനുഭവങ്ങളെയും അറിവുകളെയും ശരിയായി വിനിയോഗിക്കാത്തപക്ഷം തോല്ക്കുന്നതാണ്. ജീവിതത്തിൽ തോൽവിയടയണമെന്നു ആഗ്രഹിക്കുന്ന ആരുംതന്നെ കാണുന്നതല്ല. എല്ലാവരും വിജയത്തിനു തന്നെയാണ് ആഗ്രഹിക്കുന്നത്. വിജയത്തിലേയ്ക്കുള്ള മാൎഗ്ഗമദ്ധ്യേ ഉണ്ടാകാവുന്ന തടസ്സങ്ങളെ നേരിടുന്നതിനു കഴിവില്ലാത്തവരാകരുത്. ഉത്സാഹമായി നിരുത്സാഹവാനാകാതെ മുൻപോട്ടു പോകണം. അനേകം പ്രതിബന്ധങ്ങളെ തരണംചെയ്തു സഹിച്ചും ക്ഷമിച്ചും വിജയിച്ചിട്ടുള്ള ഒരു വ്യക്തിയാണ് ഡാക്ടർ ജോൺസൺ. ജോൺസൺ അദ്ദേഹത്തിന്റെ ജീവിതമത്സരത്തിൽ വളരെ അധികം കഷ്ടപ്പാടുകൾ സഹിച്ചു; ക്ഷമിച്ചു. അദ്ദേഹം ജീവിതമത്സരത്തിൽ വിജയിച്ചു.

## വിമാനങ്ങളുടെ ഉത്ഭവം

അന്തരീക്ഷയാത്ര വളരെ സുഗമവും സൗകര്യപ്രദമായിത്തീൎന്നിട്ടുണ്ട്. ഇപ്പോൾ ഭൂഖണ്ഡങ്ങൾ തമ്മിൽ വളരെ അടുത്തു വെണ്ടൽവില്ക്കിയുടെ ഭാഷയിൽ ഏകലോകമായിത്തീൎന്നിട്ടുണ്ടെന്നു പറയാം. വായുവിൽ ഉയൎന്നു സഞ്ചരിക്കണമെന്നുള്ള ആദിമകാലംമുതല്ക്കുള്ള മനുഷ്യന്റെ ആഗ്രഹം പല കവികളും പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ആഗ്രഹം അനേക വർഷങ്ങൾക്കു മുൻപുമുതല്ക്കുള്ളതാണെന്നുള്ളതിന് പല പഴയ കവിതകളും സാക്ഷ്യം വഹിക്കുന്നുണ്ട്. ആംഗലകവികളും അമേരിക്കൻകവികളും മാത്രമല്ല, മിക്കവാറും എല്ലാ ഭാഷകളിലുമുള്ള കവിതകളിലും ആകാശാന്തരീക്ഷത്തിൽ സഞ്ചരിക്കുന്നതി

ന്നുള്ള മനുഷ്യന്റെ ആഗ്രഹം പ്രകടമായിട്ടുണ്ട്. വായുവിലുയരണമെന്നുള്ള മനുഷ്യന്റെ ആഗ്രഹം സാധിച്ചുവെന്നുമാത്രമല്ല, വിവേകിയും ബുദ്ധിമാനുമായ മനുഷ്യൻ ആകാശാന്തരീക്ഷത്തെ കീഴടക്കിക്കഴിഞ്ഞുവെന്നു തന്നെ പറയാം.

ഇപ്പോഴ് മനുഷ്യൻ ചന്ദ്രൻ, ചൊവ്വാ മുതലായ ഗോളങ്ങളിലേയ്ക്കുമാത്രമല്ല, നക്ഷത്രജാലങ്ങളിലേയ്ക്കുപോലും എത്തിച്ചേരുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചു ചിന്തിച്ചുകൊണ്ടിരിക്കയാണ്. അമേരിക്കയിൽ ചന്ദ്രഗോളത്തിലേയ്ക്കു യാത്രചെയ്യുന്നതിനുള്ള ടിക്കറ്റുവില്പന നടന്നുവരുന്നു. ജപ്പാൻശാസ്ത്രജ്ഞന്മാർ ചൊവ്വാഗ്രഹത്തിലുള്ള ഭൂമി ആവശ്യക്കാർക്കു പതിച്ചുകൊടുത്തുകൊണ്ടിരിക്കയാണ്. ചന്ദ്രഗോളത്തിൽ ഒരു റഷ്യൻ റോക്കറ്റ് എത്തിക്കഴിഞ്ഞിട്ടുള്ളതായും, അടുത്ത ഭാവിയിൽ മനുഷ്യർ ചന്ദ്രഗോളത്തിൽ എത്താൻ കഴിയുമെന്നും റഷ്യൻ ശാസ്ത്രജ്ഞന്മാർ അവകാശപ്പെട്ടിട്ടുണ്ട്. ആകാശത്തിന്റെ വിദൂരസീമകളിൽ പ്രകൃതി ഉള്ളടക്ക ഗോപ്യമായിവച്ചിരുന്ന പല രഹസ്യങ്ങളെയും കണ്ടുപിടിക്കുന്നതിനുള്ള ശ്രമങ്ങളുടെ മുന്നോടി ശബ്ദമായി വായുവിൽ ഉയർന്നുപറക്കുന്നതിനുള്ള മനുഷ്യന്റെ ശ്രമമാണ്.

ഇക്കാലത്ത് വിമാനയാത്രയെ ഒരു വലിയ അത്ഭുതമായി ഗണിക്കാറില്ലെങ്കിലും അതിന്റെ ജനയിതാക്കൾക്ക് ആരംഭകാലത്തു പല വലിയ പ്രതിബന്ധങ്ങളെയും തരണംചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. മാനവ

സമുദായത്തിൻെറ പുരോഗതിയെ സാരമായി സഹായിച്ചിട്ടുള്ള വ്യോമസഞ്ചാരത്തിനുവേണ്ടി യത്നിച്ചിട്ടുള്ളവരെ സംബന്ധിച്ചും അവരുടെ പ്രാരംഭപ്രവർത്തനങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതു് ഒരാവശ്യംതന്നെയാണു്. റയിററു്സഹോദരന്മാരുടെ (Wright brothers) ആകാശത്തിൽ ഉയൎന്നു പക്ഷികളെപ്പോലെ പറക്കുന്നതിനുള്ള ആഗ്രഹവും അതിനുവേണ്ടി അവർ അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും നഷ്ടങ്ങളും അവരെ പരിപൂൎണ്ണവിജയത്തിൽ എത്തിച്ചു. അവരെ എന്നും സ്മരിക്കപ്പെടുന്നതാണു്. അവരുടെ കണ്ടുപിടിത്തം ആധുനികയുഗത്തിലെ അത്ഭുതങ്ങളിൽ ഒന്നായിരുന്നു. ഇന്നു് നാം ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളുടെയും ഗവേഷണങ്ങളുടെയും ഒരു യുഗത്തിലാണു ജീവിക്കുന്നതു്. ഇപ്പോൾ പ്രായോഗികമായി മനുഷ്യൻ പ്രകൃതിയെ കീഴടക്കുകയും പ്രകൃതിയുടെ പല ശക്തിവിശേഷങ്ങളെയും നമ്മുടെ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിവരികയുംചെയ്യുന്നു.

ആവിയന്ത്രം, ടെലഫോൺ, ഗ്രാമഫോൺ മുതലായവയുടെ കണ്ടുപിടിത്തങ്ങളെക്കാൾ വളരെ കൂടുതൽ പ്രയാസം വിമാനനിർമ്മാണത്തിൽ ഉണ്ടു്. രണ്ടുതരത്തിനും ബുദ്ധിശക്തി ആവശ്യമാണെങ്കിലും ശാരീരികമായ ബദ്ധപ്പാടുകളും മാനസികമായ പ്രവർത്തനങ്ങളും ഒത്തിണങ്ങിയാൽമാത്രമെ വിമാനനിർമ്മാണം സദ്ധ്യമാകുകയുള്ളു. വിമാനനിർമ്മാതാവിനു് വായുവിൽ ഉയരത്തക്ക ഒരു യന്ത്രവിശേഷം കണ്ടുപിടിക്കുകയും, അ

ഗം അതിന്റെയൊപ്പത്തോടുകൂടി പറക്കുകയും ബുദ്ധി
ശക്തിയും കായികശക്തിയും ഉപയോഗിച്ചു യന്ത്രത്തെ
നിയന്ത്രിക്കുകയും ചെയ്യുന്നതായിട്ടുണ്ട്.

വായുവിൽ ഉയരത്തക്ക ഒരു ഉപകരണം നിർമ്മി
ക്കുന്നതിനും ഉയർന്നു പറക്കുന്നതിനും ശ്രമിച്ചിട്ടുള്ളവ
രിൽ ജർമ്മൻ സ്വദേശിയായ ആട്ടോലിലിയന്താളും അ
മേരിക്കനായ പ്രൊഫസർ ലാംഗ്ലിയും പ്രഥമഗണനീ
യരാണ്. ലാംഗ്ലി പറക്കുന്നതിനുള്ള വിദ്യകളെ
സംബന്ധിച്ചു ഗവേഷണം നടത്തിക്കൊണ്ടിരുന്ന ഒരു
ശാസ്ത്രജ്ഞനാണ്. എന്നാൽ ആട്ടോലിലിയന്താൾ യഥാ
ർത്ഥത്തിൽ വായുവിൽ ഉയർന്നു പരീക്ഷണം നടത്തുന്ന
തിനു ശ്രമിച്ചിരുന്ന ഒരു ധീരനാണ്. റൈറ്റ് സ
ഹോദരന്മാർ ഗവേഷണങ്ങൾ നടത്തുന്നതിനുമാത്രമല്ല
പ്രായോഗികമായ പരീക്ഷണങ്ങൾ നടത്തുന്നതിലും
ഉത്സാഹമുണ്ടായിരുന്നു. അവർ ഏറ്റവും നിസ്സാര
സംഗതികളിൽപോലും പരിശീലനങ്ങളും നിരീക്ഷണ
ങ്ങളും നടത്തി. ജീവനെ ഭയപ്പെടാതെ അവർ അനേകം
പ്രായോഗികപരീക്ഷണങ്ങൾ നടത്തി. അവർ വിജ
യിച്ചു.

സഹോദരന്മാരിൽ മൂത്ത ആളായ വിൽബർ
റൈറ്റ് 1867-ൽ ഇൻഡ്യാനായിൽ ന്യൂകാസ്സിലിനടു
ത്തുള്ള ഒരു ഗ്രാമത്തിൽ ജാതനായി. ഇളയ സഹോദര
നായ ഓർവില്ലി ഡേറ്റൺനഗരത്തിൽ 1871-ൽ ജാത
നായി. ഇവർ 17-ാം നൂറ്റാണ്ടിൽ അമേരിക്കയിൽ

കുടികേറി പാർത്തുവന്നിരുന്ന ഒരു പുരാതീന ഇംഗ്ലീഷ് കുടുംബത്തിലെ അംഗങ്ങളാണ് ഓർവില്ലിക്ക് അദ്ദേഹത്തിന്റെ ചെറുപ്പകാലത്തിൽ സ്വന്തമായി ഒരു അച്ചടിയന്ത്രവും, വാരിക, മാസിക മുതലായ പ്രസിദ്ധീകരണങ്ങളും ഉണ്ടായിരുന്നു. ഇതിന്റെയെല്ലാം പത്രാധിപർ മൂത്ത സഹോദരനായ വിൽബർ ആയിരുന്നു. അദ്ദേഹത്തിന് കവിതയിലും സാഹിത്യത്തിലും നല്ല വാസനയുണ്ടായിരുന്നു റിക്ഷാസൈക്കിളുകൾ ഉണ്ടാക്കപ്പെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. വ്യവസായതല്പരന്മാരായിരുന്ന റൈറ്റ്സഹോദരന്മാർ റൈറ്റ് സൈക്കിൾ കമ്പനി എന്ന പേരിൽ വളരെ ബലപ്രദവും ഉപയോഗയോഗ്യവുമായ സൈക്കിളുകൾ നിർമ്മിച്ച് അതിന്റെ പ്രചാരത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നപ്പോഴാണ് വായുവിൽ ഉയർന്ന് സഞ്ചരിക്കുന്ന ഒരു യന്ത്രം നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള അറിവും ആഗ്രഹവും അവർക്കുണ്ടായത്. ഒരു പത്രവാർത്ത അവരെ വളരെയധികം ആകർഷിച്ചു 1896-ൽ ലിലിയൻതാൾ വായുവിൽ ഉയർന്ന് പറക്കുന്നതിനു ശ്രമിച്ചതിനിടയിൽ ആപത്തുണ്ടായി മരണമടഞ്ഞ ഒരു വാർത്തയായിരുന്നു അത്. ഈ പത്രവാർത്ത വായിച്ചതോടുകൂടി വായുവിൽ ഉയർന്ന് സഞ്ചരിക്കുന്നതിനുള്ള വലുതായ ജിജ്ഞാസ റൈറ്റ്സഹോദരന്മാർക്കുണ്ടായി. ലിലിയന്താൾ വായിച്ചു പഠിച്ചിരുന്ന പുസ്തകങ്ങളെ സംബന്ധിച്ച് അന്വേഷിച്ചു കണ്ടുപിടിച്ചശേഷം പ്രസ്തുത ഗ്രന്ഥങ്ങൾ റൈറ്റ്സഹോദരന്മാരും വായിച്ചു പഠിച്ചു. വായു

വിൽ ഉയരുന്നതിനെക്കുറിച്ച് അക്കാലത്ത് എഴുതപ്പെട്ടിട്ടുണ്ടായിരുന്ന ലാംഗ്ലിസ്റ്റ്റംഹൈലൊ, ലിലിയന്താരം മുതലായവരുടെ ഗ്രന്ഥങ്ങൾ ഇവർ വളരെ താല്പര്യമെടുത്തു പഠിച്ചു. പ്രസ്തുത ഗ്രന്ഥങ്ങൾ പഠിച്ചതിൽനിന്നും അതിനുമുമ്പുണ്ടായിട്ടുള്ള ശ്രമങ്ങൾ തത്വത്തിൽ ശരിയാണെങ്കിലും പ്രായോഗികപരിജ്ഞാനത്തിന്റെ കുറവുകൊണ്ടാണു പരാജയപ്പെട്ടിട്ടുള്ളതെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ട് അവർ വായുവിൽ ഉയർന്നു സഞ്ചരിക്കുന്നതിനു ആവശ്യമായ 'ബാലൻസ്' സ്വയം ഉണ്ടാക്കേണ്ടതു് ഒരാവശ്യമാണെന്നു മനസ്സിലാക്കി. ഗ്ലൈഡർ ഉണ്ടാക്കിയാണ് അവർ ബാലൻസ് കിട്ടുന്നതിനു ശ്രമിച്ചതു്. വായുവിൽ ബാലൻസ് കിട്ടുന്നതിനുള്ള പരീക്ഷണങ്ങൾ വളരെ അപകടസമ്പൂർണ്ണങ്ങളാണെന്ന് അവർക്ക് അറിയാമായിരുന്നു: വായുവിൽ ഉയർന്നു പറക്കുന്നതിനു ശ്രമിച്ച ലിലിയന്താൾ 1896-ലും പെഴ്സി പിൽച്ചർ 1897-ലും മരണമടഞ്ഞിരുന്ന വിവരം അവർക്ക് അറിവുണ്ടായിരുന്നു. ഇതിനുവേണ്ടി അവർ കുറെക്കാലം പക്ഷികളുടെ സഞ്ചാരവിധങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചു പഠിച്ചുകൊണ്ടിരുന്നു. ചില പക്ഷികളുടെ ശരീരഘടന അവർ നല്ലതുപോലെ പരിശോധിച്ചു. പക്ഷികൾ പറക്കുന്നതു പ്രകൃതിദത്തമായിട്ടുള്ള അവയുടെ ആഗ്രഹവും അതിനുവേണ്ടിയുള്ള പരിശീലനങ്ങളും അതിലും ഉപരിയായി പക്ഷികളുടെ പ്രത്യേക രീതിയിലുള്ള ശരീരഘടനയുംകൊണ്ടാണെന്ന് അവർ ഗ്രഹിച്ചു.

1901 വരെ റൈററ് സഹോദരന്മാർ പട്ടത്തിന്റെ ആകൃതിയിലുള്ള ഗ്ലൈഡറുകൾ ഉണ്ടാക്കി വായുവിൽ ബാലൻസ് ഉണ്ടാക്കുന്നതിനുള്ള പരിശീലനങ്ങൾ നടത്തിക്കൊണ്ടിരുന്നു. 1901-ൽ 308 ച: അടി വിസ്താരത്തിൽ പട്ടത്തിന്റെ ആകൃതിയിലുള്ള ഒരു ഗ്ലൈഡർ അവർ ഉണ്ടാക്കി. ആദ്യഘട്ടത്തിൽ അതിന്റെ പ്രവർത്തനം അത്ര ശരിയായില്ലെങ്കിലും വൈമാനികന്റെ ഇരിപ്പിടം മാററി മാററി പരീക്ഷിച്ചു യാതൊരാപത്തും കൂടാതെ ഭൂമിയിൽനിന്നും ഉയർന്ന് 300 അടി നീളത്തിൽ വായുവിൽ തെന്നുന്നതിനു അവർക്കു സാധിച്ചു. ഇതിനെ ആസ്പദമാക്കി അവർ അനേകം പരീക്ഷണങ്ങളും പരിശീലനങ്ങളും നടത്തി. 1901 സെപ്തംബർമാസത്തിൽ എൻജിനീയറന്മാരോടായിട്ട് വിൽബർ റൈററ് നടത്തിയ ഒരു പ്രഭാഷണത്തിന്റെ ഒടുവിൽ മനുഷ്യൻ വായുവിൽ ഉയർന്നു പറക്കുന്ന ഒരു കാലം ഭാവിയിൽ ഉണ്ടാകുമെന്നു പ്രവചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വായുവിൽകൂടി സഞ്ചരിക്കുന്നതിനു സാധിക്കുന്നതാണെന്നു സൂചിപ്പിക്കുകമാത്രമേ ചെയ്തിരുന്നുള്ളുവെങ്കിലും, സഹോദരന്മാർ രണ്ടുപേരും വായുവിൽ ഉയർന്നുതന്നെ അനേകം പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. 1901 ഒടുവിൽ യന്ത്രങ്ങൾ ഘടിപ്പിച്ച ഒരു ഗ്ലൈഡർ അവർ ഉണ്ടാക്കി. ആധുനികവിമാനങ്ങളുടെ ആദ്യപടിയായി വിജയകരമായ പ്രഥമ കണ്ടുപിടിത്തമായിരുന്നു അതെന്നുതന്നെ പറ

യാം. 1903 വരെ അനേകം പരീക്ഷണങ്ങൾ വീണ്ടും വീണ്ടും അവർ നടത്തി.

1903 ഒടുവിൽ വായുവിൽ ഉയൎന്നു താനേ നീങ്ങുന്ന ഒരു യന്ത്രവിശേഷം അവർ കണ്ടുപിടിക്കുകയും പരീക്ഷണത്തിനായി കിററിഹാക്ക് എന്ന മൈതാനം തെരഞ്ഞെടുക്കുകയും ചെയ്തു. 1903 സെപ്റ്റംബർ 17-ാം തീയതി ഇന്നു കാണുന്ന മാതൃകയിലുള്ള വിമാനത്തിൽ കയറിയുള്ള ആദ്യത്തെ പരസ്യമായ പരീക്ഷണത്തിനു തന്നെ അവർ തീരുമാനിച്ചു. പരീക്ഷണം കാണുന്നതിനായി ഡിസ്ട്രിക്റ്റിലുള്ള എല്ലാ ജനങ്ങളെയും പൊതുവെ ക്ഷണിക്കുകയുംചെയ്തിരുന്നു. എന്നാൽ പറക്കുന്നതിനു തെരഞ്ഞെടുത്തിരുന്ന മൈതാനിയിലെ തണുത്ത കാററു സഹിക്കുന്നതിനുള്ള പ്രയാസത്തെ ഓൎത്തും യന്ത്രം വായുവിൽ ഉയരുമോയെന്നുള്ള സംശയംകൊണ്ടും കാഴ്ചക്കാരായി അധികം ആളുകൾ കൂടിയിട്ടില്ലായിരുന്നു. എങ്കിലും അവരുടെ ക്ഷണം സ്വീകരിച്ചു അഞ്ചു പുരുഷന്മാർ ആ മൈതാനത്തിൽ എത്തിച്ചേൎന്നിട്ടുണ്ടായിരുന്നു. ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നു് അന്നേ ദിവസം നടന്നു. അന്നു രാവിലെ 10-നും 12-നും ഇടയ്ക്കായി ഇവർ രണ്ടുപ്രാവശ്യംവീതം, അങ്ങനെ നാലു പ്രാവശ്യം റൈററു സഹോദരന്മാർ പറക്കുകയുണ്ടായി. ഒരേ സ്ഥാനത്തുനിന്നുംതന്നെയായിരുന്നു നാലു പ്രാവശ്യവും പറന്നതു്. ആദ്യം പറന്നതു് 12 സെക്കൻറു് വരെ നീണ്ടുനിന്നു. രണ്ടാമത്തേതു് 59 സെക്കൻറു് വരെ നീണ്ടുനില്ക്കുകയും, 30 കുതിരശക്തിവേഗത്തിൽ പറക്ക

കയും ചെയ്തു. അന്നാണ് ഒരു യന്ത്രം മനുഷ്യനെ വഹിച്ചുകൊണ്ട് ആദ്യമായി വായുവിൽ ഉയർന്നു. അങ്ങനെ ഏററവും അത്ഭുതകരവും മനുഷ്യസമുദായത്തിന് വളരെ ഉപയോഗപ്രദവുമായ വിമാനനിർമ്മാണം ആരംഭിച്ചു.

3110

20-1-74